# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി3 /479/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 16/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി3 /479/2022 തീയ്യതി: 16/03/2022

## കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-12-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടിഡയരക്ടർ(ഹ.ഗ്രേ) | 03-03-2022 | 08-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-03-2022 | 08-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ഗിരീശൻ പാറപ്പൊയിൽ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ജയകുമാർ പാലോളി,അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.രാജീവൻ എൻ,സീനി.ഗ്രേ.ഓഡിറ്റർ,
ശ്രീ.ജാസിർ സി.എം,ഓഡിറ്റർ,
ശ്രീ.ശ്രീജിത് കെ.വി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.കെ.നാരായണി | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ.സതീഷ്ബാബു പി.കെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ജിത്തു കെ.എസ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.സജിത് വി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.ഗ്രീഷ്മപ്രിയ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീമതി റീജ പി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ. സതീഷ്ബാബു | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ വാസു എം എ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ സാബു എ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി മാളു കെ | കൃഷി ഓഫീസർ | 01-04-2019 | 28-11-2019 |
| ശ്രീ. സുരേഷ്ബാബു | കൃഷി ഓഫീസർ | 29-11-2019 | 31-03-2020 |
| ഡോ.ലവീന | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ.അരുൺസേവ്യർ | അസി.എഞ്ചിനീയർ | 01-04-2019 | 16-07-2019 |
| ശ്രീ.സന്തോഷ് സി | അസി.എഞ്ചിനീയർ | 17-07-2019 | 28-02-2020 |
| ശ്രീമതി.ജൂമി കെ.എം | അസി.എഞ്ചിനീയർ | 29-02-2020 | 31-03-2020 |
| ശ്രീമതി.ലൗലി മാത്യു | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.മഹേഷ് കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കിയതിൽ അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 09-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-1 |
| 2 | സാമ്പത്തിക വിശകലനം(റസീറ്റ് &പേയ്മെന്റ് പ്രകാരം)<br>Written By: Jasir C M (Auditor, On 07-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 07-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 07-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 14-03-2022) | 1-4 |
| 5 | വാർഷിക പദ്ധതി - ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-5 |
| 6 | കെട്ടിട നിർമ്മാണ നിയന്ത്രണം- അപാകതകൾ<br>Written By: Srijith K.V (Auditor, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-6 |
| 7 | സംരംഭക ലൈസൻസ് -മുൻ വർഷങ്ങളിലെ അപാകതകൾ ആവർത്തിക്കുന്നു.<br>Written By: Jasir C M (Auditor, On 07-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 15-03-2022) | 1-7 |
| 8 | വഴി സൗകര്യം തെറ്റായി രേഖപ്പെടുത്തുന്നത് മൂലം നികുതി നഷ്ടം<br>Written By: Srijith K.V (Auditor, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-8 |
| 9 | ടെണ്ടർ പരസ്യം - അധിക തുക ചെലവഴിക്കുന്നു.<br>Written By: Srijith K.V (Auditor, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-9 |
| 10 | കുടിവെള്ള വിതരണം- പരിധിയിൽ കവിഞ്ഞ തുക ചെലവഴിച്ചു.<br>Written By: Srijith K.V (Auditor, On 08-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 15-03-2022) | 1-10 |
| 11 | വിവിധ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് അടച്ചത്- വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 09-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 15-03-2022) | 1-11 |
| 12 | കയ്യാൽ കുടിവെള്ള പദ്ധതിക്ക് തുക വിനിയോഗിക്കുന്നത്-വിശദീകരണം ലഭ്യമാക്കിയില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 09-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 15-03-2022) | 1-12 |
| 13 | മുൻഗണന പരിഗണിക്കാതെ പദ്ധതി നടപ്പാക്കി<br>Written By: Srijith K.V (Auditor, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-13 |
| 14 | പുഴ പുറമ്പോക്ക് കയ്യേറ്റം- തുടർ നടപടികളിൽ വീഴ്ച.<br>Written By: Srijith K.V (Auditor, On 08-03-2022)<br>Last Updated By: Balakrishnan K.M (Audit Officer (HG), On 09-03-2022) | 1-14 |
| 15 | എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-15 |
| 16 | പ്രാഥമികാരോഗ്യ കേന്ദ്രം - വാഹനം ഉപയോഗിക്കുന്നതിലെ അപാകതകൾ | 1-16 |

| | | |
|---|---|---|
| | Written By: N. Rajeevan (Senior Grade Auditor, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | |
| 17 | അങ്കണവാടികളിൽ കുടിവെള്ള സൗകര്യമില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-17 |
| 18 | കമ്മ്യൂണിറ്റിഹാൾ കെട്ടിടം ഉപയോഗിക്കാതെ നശിക്കുന്നു<br>Written By: Balakrishnan K.M (Audit Officer (HG), On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-18 |
| 19 | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകിയതിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 1-19 |
| 20 | കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് - തിരിച്ചടവ് ആരംഭിച്ചില്ല<br>Written By: N. Rajeevan (Senior Grade Auditor, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-20 |
| 21 | താനിയുള്ള പൊയിൽ കുടിവെള്ള പദ്ധതി -കരാറുകാരന് ടെണ്ടർ കുറവ് വരുത്താതെ തുക നൽകി<br>Written By: Jayakumar Paloli (Asst. Audit Officer, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 1-21 |
| 22 | റോഡ് റീടാറിംഗ് പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ .<br>Written By: Jayakumar Paloli (Asst. Audit Officer, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 1-22 |
| 23 | പൊതുമരാമത്ത് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ അനുവദിച്ച ഫണ്ട് വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെടുന്നു.<br>Written By: Jayakumar Paloli (Asst. Audit Officer, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 1-23 |
| 24 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ആൾക്ക് പഠനമുറിക്ക് ധനസഹായം നൽകി .<br>Written By: Jayakumar Paloli (Asst. Audit Officer, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 1-24 |
| 25 | വെറ്റിനറി സർജൻ നിർവ്വഹണം ചെയ്ത പദ്ധതികളുടെ ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | താനിയുള്ള പൊയിൽ കുടിവെള്ള പദ്ധതി -കരാറുകാരന് ടെണ്ടർ കുറവ് വരുത്താതെ തുക നൽകി<br>Written By: Jayakumar Paloli (Asst. Audit Officer, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jasir C M (Auditor, On 05-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 05-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 05-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 05-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jasir C M (Auditor, On 05-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Gireeshan Parappoyil (Audit Officer (HG), On 06-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 05-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Gireeshan Parappoyil (Audit Officer (HG), On 06-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jasir C M (Auditor, On 05-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jasir C M (Auditor, On 05-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ് തയ്യാറാക്കിയതിൽ അപാകതകൾ

8.2.19ലെ തീരുമാനം 1 പ്രകാരം സ്ഥാപനത്തിന്റെ അംഗീകരിച്ച വാർഷിക ബജറ്റ് പ്രകാരം ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ 237035822/-രൂപയാണ്. ആകെ ചെലവ് 231293685/-രൂപയും നീക്കിയിരിപ്പ് 5742137/-രൂപയുമാണ്. ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ബജറ്റ് രേഖകളും മറ്റ് പ്രസക്തമായ വിവരങ്ങളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

എ)മുൻ വർഷത്തെ യഥാർത്ഥ മുന്നിരിപ്പ് കാണാതെ ബജറ്റ് തയ്യാറാക്കി

ഏതൊരു വർഷത്തേയും ബജറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കേണ്ടത് ബജറ്റ് തയ്യാറാക്കുന്ന വർഷത്തിന് മുമ്പുള്ള വർഷത്തെ യഥാർത്ഥ വരവ് ചെലവ് കണക്കുകളെ അടിസ്ഥാനമാക്കിയാണ്. ഇത് പ്രകാരം ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കാൻ അടിസ്ഥാനമാക്കേണ്ടത് 2017-18 വർഷത്തെ കണക്കുകളാണെന്ന് കാണാം. ബജറ്റ് പരിശോധിച്ചതിൽ 2017-18 വർഷത്തെ മുന്നിരിപ്പായി സ്വീകരിച്ചിരിക്കുന്നത് 12181206/- രൂപയാണെന്ന് കാണുന്നു. എന്നാൽ 2016-17 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ യഥാർത്ഥ നീക്കിയിരിപ്പ് (ഇതുതന്നെയാണ് 2017-18 വർഷത്തെ മുന്നിരിപ്പ്) താഴെ പറയും പ്രകാരം 11799402/- ആണെന്ന് കാണുന്നു.

B 15+B17 = 16998488-

B2+B4+B7+B9 = 5199086

11799402/-

യഥാർത്ഥ മുന്നിരിപ്പിനേക്കാൾ 381804/-രൂപ കൂടിയ തുകയാണ് ബജറ്റിൽ സ്വീകരിച്ചതെന്ന് കണക്കുകൾ കാണിക്കുന്നു.

മേല്പറഞ്ഞതിൽ നിന്നും യഥാർത്ഥ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയല്ല ബജറ്റ് തയ്യാറാക്കിയതെന്നും ഇത് കൊണ്ട് തന്നെ അത് വസ്തുതാപരമല്ലെന്നും കാണാം

ബി) തനത് ഫണ്ട്- ബജറ്റ് പ്രൊവിഷനും വാർഷിക പദ്ധതി വകയിരുത്തലും പൊരുത്തപ്പെടുന്നില്ല

ബജറ്റ് പ്രകാരം 10ലക്ഷം രൂപയാണ് വാർഷിക പദ്ധതിക്കായി വകയിരുത്തിയത്. മുന്നിരിപ്പ്, നികുതി, നികുതിയേതിര വരുമാനങ്ങൾ, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവ കൂട്ടിയ തുകയിൽ നിന്നും നീക്കിയിരിപ്പ് തുകയും അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിന് വകയിരുത്തിയ തുകയും കൂട്ടിയ തുക കുറവ് വരുത്തിയാൽ ലഭിക്കുന്ന തുകയാണിത്. എന്നാൽ 24.12.18ന് 64750/2019/dpc/dpo/kkd നമ്പരായി അംഗീകരിച്ച വാർഷിക പദ്ധതിയിൽ 16.59 ലക്ഷം രൂപ തനത്ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. ബജറ്റ് പ്രൊവിഷനില്ലാതെ 6.59 ലക്ഷം രൂപ വാർഷിക പദ്ധതിക്ക് വകയിരുത്തിയത് ക്രമ പ്രകാരമല്ല.

സി) NREGS ആക്ഷൻ പ്ലാൻ തുകയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

സ്ഥാപനത്തിന്റെ NREGS ആക്ഷൻ പ്ലാൻ ബജറ്റിന് മുമ്പേ അംഗീകരിച്ചിട്ടുണ്ടെങ്കിലും ആക്ഷൻ പ്ലാൻ അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല . 108568000/- രൂപയുടെ പ്ലാനാണ് അംഗീകരിച്ചതെങ്കിലും 109568000/-രൂപയുടെ പ്രൊവിഷൻ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആക്ഷൻ പ്ലാൻ പ്രകാരമുള്ള തുകയാണ് BS4 പ്രകാരമുള്ളതെങ്കിലും 10 ലക്ഷം രൂപയുടെ വരുമാനം BS7 പ്രകാരം പ്രതീക്ഷിച്ചതിനാലാണ് അപാകത സംഭവിച്ചത്. വ്യത്യാസം വരുന്ന തുകയ്ക്ക് ഏത് പ്രവൃത്തിയാണ് ഉദ്ദേശിച്ചതെന്ന് ബജറ്റ് വ്യക്തമാക്കുന്നി ല്ലെന്ന് കാണാം. കൂടാതെ ആക്ഷൻ പ്ലാൻ പ്രകാരം 2.9കോടി രൂപയുടെ പ്രവൃത്തികളാണ് ലക്ഷ്യം വച്ചതെങ്കിലും ഇത് ബജറ്റിൽ പ്രതിഫലിച്ചിട്ടില്ല.

ഡി)സർക്കാർ ഗ്രാന്റുകൾ -അലോട്ട്മെന്റിനേക്കാൾ കുറഞ്ഞ തുക ബജറ്റിൽ ഉൾക്കൊള്ളിച്ചു

പ്ലാൻ, മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ സംസ്ഥാന സർക്കാർ ബജറ്റ് പ്രകാരം അലോട്ട് ചെയ്ത

തുകയേക്കാൾ കുറഞ്ഞ തുകയാണ് സ്ഥാപനത്തിന്റെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ ഗ്രാന്റിനങ്ങളിലുമായി ആകെ 52931000/-രൂപയാണ് സർക്കാർ അനുവദിച്ചതെങ്കിലും ബജറ്റിൽ 49946000/-രൂപയാണ് വകയിരുത്തിയത്. സംസ്ഥാന ബജറ്റിന് ശേഷമാണ് സ്ഥാപനത്തിന്റെ ബജറ്റ് തയ്യാറാക്കിയതെന്നിരിക്കെ, 29.85 ലക്ഷം രൂപ വകയിരുത്തിയ തിൽ കുറഞ്ഞുപോയത് എന്ത് കാരണം കൊണ്ടാണെന്ന് വ്യക്തമല്ല. കൂടാതെ മേല്പറഞ്ഞ തുകകളിൽ നിന്നും തികച്ചും വിഭിന്നമായ തുകയായ 5.86 കോടി രൂപയാണ് വാർഷിക പദ്ധതിക്ക് വകയിരുത്തിയത്. ഇതുമൂലം ബജറ്റ് പ്രൊവിഷനില്ലാതെ 87ലക്ഷം രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെട്ടതായി കാണാം.

ഇ) വാർഷിക പദ്ധതി അടങ്കൽ തുകയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നി ല്ല

പ്ലാൻ റവന്യൂ ചെലവുകൾക്കും മൂലധന ചെലവുകൾക്കും ബജറ്റ് ഷെഡ്യൂൾ 9, 12 എന്നിവ പ്രകാരം ആകെ വകയിരുത്തിയ തുക 167055185/-രൂപയാണ്. ഇതിൽ 10956800 രൂപ Nregs പദ്ധതി ചെലവുകൾക്കാണ് വകയിരുത്തിയത്. ഈ തുക കുറവു വരുത്തിയാൽ 5.75/- കോടി രൂപയാണ് വാർഷിക പദ്ധതി ചെലവുകൾക്ക് വകയിരുത്തിയതെന്ന് കാണാം. എന്നാൽ സ്ഥാപനത്തിന്റെ ഡി.പി.സി അംഗീകരിച്ച വാർഷിക പദ്ധതി അടങ്കൽ 6.02 കോടി രൂപയുടേതായിരുന്നു. ബജറ്റ് പ്രൊവിഷനില്ലാതെ 27ലക്ഷം രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തതായി ഇത് കാണിക്കുന്നു.

എഫ് ) റവന്യൂ വരവ് ചെലവുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപടിക്രമമനുസരിച്ചല്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, 2.12.2016ലെ ജി. ഒ (ആർ.ടി) 3291/2016 എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഗ്രാമപഞ്ചായത്തുക ൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. മാന്വൽ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് ബജറ്റ് ഫയലിന്റെ അഭാവത്തിൽ വ്യക്തമാകുന്നു.

ജി) എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്നു കാണാം.

ബജറ്റുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർ വർഷങ്ങളിൽ അപാകതകളില്ലാതെ ബജറ്റ് തയ്യറാക്കി ഓഡിറ്റിന് സമർപ്പിച്ച് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

1-2 സാമ്പത്തിക വിശകലനം(റസീറ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15763969.70 |
| വരവ് | 72658294 |
| ആകെ | 88422263.70 |
| ചെലവ് | 68890236 |
| നീക്കിയിരിപ്പ് | 19532027.70 |

## 1-3 വാർഷിക കണക്കിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.Advance To Beneficiary Committee-convenor എന്ന ശീർഷകത്തിൽ 25000/- രൂപയും , Advance To Implementing Agencies-Deposit With Kerala Electricity Board എന്ന ശീർഷകത്തിൽ 91188/- രൂപയും ക്രമീകരിക്കുന്നതിന് അവശേഷിക്കുന്നുണ്ട്.

1.Closing Stock-Stores എന്ന ശീർഷകത്തിൽ 5515/- രൂപ ബാലൻസായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3.ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ ബി-7), വിവിധയിനം ഡെപ്പോസിറ്റുകളുടെ ഇനത്തിൽ ഇനത്തിൽ 706884/- രൂപ നീക്കിയിരിപ്പുണ്ട്. വിവിധ ഇനങ്ങളിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

4.ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5.ബാലൻസ് ഷീറ്റിലെ ബി-9 ഷെഡ്യൂളിൽ ഇൻകം ടാക്സ് -Deducted At Source എന്ന ഇനത്തിൽ നീക്കിയിരിപ്പായ 10025/-രൂപയിൽ 5500/- രൂപയാണ് ആദായനികുതി വകുപ്പിലേയ്ക്ക് അടവാക്കിയിരിക്കുന്നത്(തിയ്യതി-16.06.2020). ബാലൻസ് തുക 4525/- രൂപ നാളിതുവരെ അടവാക്കിയിട്ടില്ല.

6.ഡിപ്രീസിയേഷൻ നിരക്ക്, ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുർദൈർഘ്യം എന്നിവ നിശ്ചയിക്കാതെയാണ് ആസ്തികളുടെ തേയ്മാനമൂല്യം കണക്കാക്കിയിട്ടുള്ളത്.

7.വാർഷിക കണക്ക് B4-Schedule പ്രകാരം ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ചർ ഇനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 926925/-രൂപ തിരികെ അടവാക്കിയിട്ടില്ല.

8.കച്ചവടക്കാരുടെ തൊഴിൽ നികുതി (ഹെഡ് കോഡ് നം-431190102) ഇനത്തിൽ 22690/- രൂപയും കെട്ടിട വാടക(ഹെഡ് കോഡ് നം-431400102) ഇനത്തിൽ 83457/- രൂപയും കുടിശ്ശികയുള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കുടിശ്ശിക സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

9.ഓഡിറ്റ് റിക്കവറി ഇനത്തിൽ 25409/- രൂപ വരവുണ്ട്. ഇത് സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

10.വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ, റേഷ്യോസ്, പ്രധാനപ്പെട്ട അക്കൗണ്ട് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13768829/- | 13768829/- | 11671912/- | 2096917/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1044588 | 1044588 | 276972 | 767616 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 524000 | 524000 | 124996 | 399004 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 17903000 | 17903000 | 7637625 | 10265375 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4746000 | 4746000 | 2077387 | 2668613 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 12429064 | 12429064 | 939743 | 11489321 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 844218 | 1049283 | 1893501 | 1677515 | 215986 |
| ടോട്ടൽ സാനിറ്റേഷൻ ക്യാംപയിൻ | 743796 | 0 | 743796 | 0 | 743796 |
| എം.പി ഫണ്ട് | 7534/- | 275/- | 7829/- | 0 | 7829/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ടോട്ടൽ സാനിറ്റേഷൻ -സ്റ്റേറ്റ് ഷെയർ | 363100 | 0 | 363100 | 170000 | 193100 |
| സാക്ഷരത | 7112 | 277 | 7389 | 4320 | 3069 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 800000 | 0 | 800000 | 274707 | 525293 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം.തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1)ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

2)I.K.M.ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം C.S.S., ഇനത്തിലും,S.S.S. ഇനത്തിവും വരവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ C.S.S., ഇനത്തിൽ പൂരക പോഷകാഹാരപദ്ധതിക്ക് 1677515/-രൂപ (സുലേഖ സ്റ്റേറ്റ്മെന്റ് പ്രകരം)തൻവർഷം വരവുവന്നിട്ടുണ്ട്. അതേപോലെ S.S.S ഇനത്തിൽ ലൈഫ് ഭവനപദ്ധതിക്ക് 7919837/- രൂപയും IKM ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5 വാർഷിക പദ്ധതി - ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് |
|---|---|---|---|
| 180 | 112209958 | 85 | 53441725 |

ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

എ) പദ്ധതി നിർവ്വഹണത്തിൽ വീഴ്ച 2.04 കോടി രൂപ സർക്കാർ ഗ്രാന്റിനത്തിൽ നഷ്ടപ്പെട്ടു .

111 പ്രൊജക്ടുകൾ ഉൾപ്പെടുന്ന 6.02 കോടി രൂപ അടങ്കൽ വരുന്ന വാർഷിക പദ്ധതിക്കാണ് 24.12.18ലെ 64750/2019/DPC/DPO/KKDനമ്പർ ഉത്തരവ് പ്രകാരം ഡി.പി.സി അംഗീകാരം നല്കിയത്. വർഷാവസാനമാകുമ്പോഴേക്കും മേല്പറഞ്ഞ പോലെ 180 പ്രൊജക്ടുകളുള്ള 11.22 കോടി അടങ്കൽ വരുന്ന വാർഷിക പദ്ധതിയായി ഇത് മാറി. വകയിരുത്തിയ തുകയിൽ നിന്നും 5.34 കോടി രൂപ മാത്രമാണ് സ്ഥാപനത്തിന് വിനിയോഗിക്കാനായത്.(ചെലവ് ശതമാനം 47.6) ഇത് മൂലം വകയിരുത്തിയതിൽ

അവശേഷിച്ച 5.88 കോടി രൂപ നഷ്ടപ്പെടുകയോ; വിനിയോഗിക്കാൻ കഴിയാതെ വരികയോ ചെയ്തു. പ്രധാനമായും സർക്കാരിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റിനങ്ങളിലാണ് തുക നഷ്ടമായിരിക്കുന്നത്. താഴെ പറയും പ്രകാരം 20443813/- രൂപ ഇപ്രകാരം നഷ്ടപ്പെട്ടിട്ടുണ്ട്.

| ക്രമ നം | ഫണ്ടിനം | വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുക | സ്റ്റേറ്റ് ബജറ്റ് പ്രകാരം അനുവദിച്ച തുക | ചെലവഴിച്ച തുക | നഷ്ടപ്പെട്ട തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 4-5 |
| 1 | പ്ലാൻ ഫണ്ട് | 20445829 | 16258000 | 14161083 | 2096917 |
| 2 | എസ്.സി.പി | 1241181 | 1074000 | 306384 | 767616 |
| 3 | ടി.എസ്.പി | 624800 | 524000 | 124996 | 399004 |
| 3 | സി.എഫ്.സി | 13895018 | 12426000 | 939743 | 11486257 |
| 4 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 21426677 | 17903000 | 7637625 | 10265375 |
| 5 | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 5646000 | 4746000 | 2077387 | 2668613 |
| ആകെ | | 63279505 | 52931000 | 25247218 | 27683782 |

എന്നാൽ 2018-19 വർഷത്തെ ക്യൂ ബിൽ ഇനത്തിൽ 6426093/- രൂപ ചെലവഴിച്ചത് ഓഡിറ്റ് വർഷത്തെ ചെലവിൽ പെടുന്നുണ്ട്. കൂടാതെ ഓഡിറ്റ് വർഷത്തെ താഴെ കൊടുത്ത ക്യൂബിൽ തുക 13666062/- രൂപ 2020-21 വർഷത്തിൽ നല്കിയിട്ടുമുണ്ട്.

| ക്രമ നം | ഫണ്ടിനം | ക്യൂ ബിൽ തുക |
|---|---|---|
| 1 | പ്ലാൻ ഫണ്ട് | 2096917 |
| 2 | Cfc | 2248040 |
| 3 | പ്ലാൻ ഫണ്ട് Scp | 185888 |
| 4 | പ്ലാൻ ഫണ്ട് TSP | 218873 |

| | | |
|---|---|---|
| 5 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 8916344 |
| ആകെ | | 13666062 |

ഇത് പരിഗണിക്കുമ്പോൾ ആകെ നഷ്ടം 20443813/-രൂപയുണ്ടെന്ന് കാണാം ((27683782+6426093)-13666062) പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിക്കേണ്ട വൻതുക ഇപ്രകാരം നഷ്ടപ്പെടുത്തിയിന് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർക്കും ഭരണസമിതിക്കും ഒരുപോലെ ഉത്തരവാദിത്വമുണ്ട്. നിർവ്വഹണ ശേഷിക്ക് ഉപരിയായി വൻതോതിൽ പ്രൊജക്ടുകൾ തയ്യാറാക്കിയതാണ് ഇതിൽ പ്രധാനപ്പെട്ടത്. പൊതുമരാമത്ത് മേഖലയിൽ മാത്രം 87 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ ക്യൂബിൽ ഉൾപ്പെടെ 50 എണ്ണത്തിന് മാത്രമാണ് തുക വിനിയോഗിച്ചതെന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ് തുക നഷ്ടപ്പെട്ടതിൽ സെക്രട്ടറി ഉൾപ്പെടെയുള്ള മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്.

ബി) റോഡ് മെയിന്റനൻസ് പ്ലാനില്ല -റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല

ഓഡിറ്റ് വർഷത്തിൽ വിഭാവനം ചെയ്ത റോഡ് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് അറ്റകുറ്റപ്പണികൾക്കുള്ളതാണ്. മെയിന്റനൻസ് ഫണ്ട് ഉൾപ്പെടെ വിവിധ ഫണ്ടുകൾ ഇതിനായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ 29.1.2018 ലെ 11/2018/തസ്വഭവ നമ്പർ ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാ ക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കിയതാണ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാരമല്ലാതെ മറ്റ് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരെഞ്ഞെടുക്കുന്നത് കാണാം

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടേതുൾപ്പെടെ വിവിധ ആസ്തികളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാതിരിക്കാനുള്ള സാധ്യത വെളിവാക്കുന്നു. സ്ഥാപനത്തിന്റെ കമ്മ്യൂണിറ്റിഹാൾ അറ്റകുറ്റപ്പണി നടത്താതെ ഉപയോഗശൂന്യമായി കിടക്കുന്നതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ട കാര്യം ഇവിടെ പ്രസക്തമാണ്. ആകെ 31 അങ്കണവാടികളുള്ളതിൽ 18 എണ്ണത്തിലും കുടിവെള്ള സൗകര്യമില്ല എന്നതും 13 എണ്ണത്തിന് ചുറ്റുമതിലില്ലാത്തതും ഒരിടത്ത് വൈദ്യുതിയില്ലെന്നുള്ളതും ശ്രദ്ധേയമാണ്.

സി) വികസന സെമിനാറിൽ അവതരിപ്പാക്കാത്ത പദ്ധതികൾ വാർഷിക പദ്ധതിയിൽ പെടുത്തി

ആസൂത്രണമാർഗ്ഗരേഖ പ്രകാരം ഓരോ മേഖലയിലേയും കാലികമാക്കിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി തിരിച്ചറിയുന്ന ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ട് വയ്ക്കുകയാണ് ചെയ്യേണ്ടത്. ഈ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അവയുടെ നിർദ്ദേശങ്ങളോടൊപ്പം അംഗീകാരം വാങ്ങുകയും, നിർദ്ദേശങ്ങളിൽ പരിഗണിക്കേണ്ടവ പരിഗണിച്ച് പ്രൊജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അവ കരട് പദ്ധതി നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ വികസന സെമിനാറിൽ അവതരിപ്പിക്കണം . വികസന സെമിനാറിൽ ഉയർന്നു വരുന്ന നിർദ്ദേശങ്ങളിൽ പ്രസക്തമായവ പരിഗണിച്ച്, പ്രൊജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമെങ്കിൽ വീണ്ടും മാറ്റം വരുത്തി, വാർഷിക പദ്ധതി വർക്കിംഗ് ഗ്രൂപ്പുകൾ അന്തിമമാക്കണം. ഇപ്രകാരം അന്തിമമാക്കിയ വാർഷിക പദ്ധതിക്കാണ് ഭരണസമിതി അംഗീകാരം നല്കി ഡി.പി.സി അംഗീകാരം വാങ്ങേണ്ടത്. ഈ നടപടിക്രമങ്ങൾ വിലയിരുത്തുമ്പോൾ, വികസന സെമിനാറിൽ അവതരിപ്പിക്കപ്പെടുന്ന പദ്ധതി നിർദ്ദേശങ്ങളല്ലാതെ മറ്റ് പ്രൊജക്ടുകളൊ ന്നും അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാൻ പാടില്ലെന്ന് കാണാവുന്നതാണ്. ഇതിന് വിപരീതമായി പദ്ധതികൾ ഉൾപ്പെട്ടെങ്കിൽ അവ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ലെന്നും അതുകൊണ്ട് തന്നെ നിയമപ്രകാരമുള്ളവയെല്ലെന്നും കാണാവുന്നതാണ്. കൂടാതെ ഇത്തരം പദ്ധതികൾ ആവശ്യകത

തിരിച്ചറിയപ്പെടാത്തവ യും, മുൻഗണനാക്രമം തെറ്റിക്കുന്നതുമാണെന്ന് കാണാവുന്നതാണ്.

സ്ഥാപനത്തിലെ ഓഡിറ്റ് വർഷത്തെ അന്തിമപദ്ധതി ചെലവ് പത്രിക പരിശോധിച്ചതിൽ, എല്ലാ പ്രൊജക്ടുകളും വികസന സെമിനാറിൽ അവതരിപ്പിച്ച കരട് പദ്ധതി നിർദ്ദേശങ്ങളിൽ പെട്ടവയല്ലെന്ന് കാണുന്നു. പശ്ചാത്തല മേഖലയിലെ റോഡ് പ്രൊജക്ടുകൾ മാത്രം പരിഗണിക്കുമ്പോൾ ആകെ 21 പ്രൊജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് കരട് രേഖയിൽ ഉൾപ്പെട്ടതെങ്കിലും 29 പുതിയ പ്രൊജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ കരട് പദ്ധതി നിർദ്ദേശങ്ങളിൽപെട്ട 10 പ്രൊജക്ടുകൾ മാത്രമാണുള്ളത്. അതായത് 19 പ്രൊജക്ടുകൾ കരട് പദ്ധതി നിർദ്ദേശങ്ങളിൽ പെട്ടവയല്ലെന്ന് കാണാം.

കേരള പഞ്ചായത്ത് രാജ് ആക്ടിനും ആസൂത്രണ മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി മേൽ പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയതും ചെലവഴിച്ചതും വിശദീകരിക്കപ്പെടേണ്ടതാണ്.

ഡി) സ്റ്റാറ്റസ് റിപ്പോർട്ടുകൾ അപൂർണ്ണം - പ്രൊജക്ടുകളുടെ ആവശ്യകത ,മുൻഗണന എന്നിവ നിശ്ചയിക്കപ്പെട്ടിട്ടില്ല

കൈമാറിക്കിട്ടിയ ഓരോ മേഖലയിലേയും കാലികമാക്കിയ അടിസ്ഥാന വിവരങ്ങളാണ് ആസൂത്രണത്തിന്റെ കാതൽ. കൃത്യതയുള്ളതും വിശദവുമായ വിവരങ്ങൾ വെളിവാക്കുന്ന വികസനാവശ്യങ്ങൾ മുൻഗണനാക്രമത്തിൽ പരിഗണിക്കപ്പെടുമ്പോൾ മാത്രമാണ് ആസൂത്രണം നടക്കുന്നത്. എന്നാൽ വിവിധ മേഖലകളിൽ സ്ഥാപനം അടിസ്ഥാന വിവരങ്ങൾ തയ്യാറാക്കാതെയാണ് പ്രൊജക്ടുകൾ തെരെഞ്ഞെടുത്തിരിക്കുന്നത്. കേവലം ഡി.പി.സി അംഗീകാരം ലഭിക്കുന്നതിന് മാത്രം തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ മുൻ കാലങ്ങളിൽ ആസൂത്രണം നടത്തിയ പദ്ധതികൾ വിവരിക്കുക മാത്രമാണ് ചെയ്തിരിക്കുന്ന ത്. ഓരോ മേഖലയിലും പൊതുവായി ഏതൊക്കെ വിവരങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടണമെന്ന് കില തയ്യാറാക്കിയ വിവിധ മേഖലകൾക്കുള്ള മാതൃകാ സ്റ്റാറ്റസ് റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്. എന്നാൽ ഇത് അടിസ്ഥാനപ്പെടുത്തി റിപ്പോർട്ട് തയ്യാറാ ക്കാൻ സ്ഥാപനം ശ്രമിച്ചിട്ടില്ല. ഇത് കൊണ്ട് തന്നെ പ്രൊജക്ട് നിർദ്ദേശങ്ങളുടെ അടിസ്ഥാനമെന്തെന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും തുടർ വർഷങ്ങളിൽ ഫണ്ട് നഷ്ടമുൾപ്പെടെയുള്ള വീഴ്ചകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-6 കെട്ടിട നിർമ്മാണ നിയന്ത്രണം- അപാകതകൾ

2019-20 വർഷത്തിൽ കെട്ടിടനിർമ്മാണ നിയന്ത്രണ ചുമതലയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ ലഭ്യമായ കെട്ടിട നിർമ്മാണ അനുമതി, ക്രമവത്കരണ-പൂർത്തീകരണ അപേക്ഷ എന്നിവ പരിശോധിച്ചതിൽ നിന്നും അപേക്ഷകളിന്മേൽ ചട്ടവിരുദ്ധമായി നടപടികൾ സ്വീകരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അനധികൃത നിർമ്മാണം- തുടർ നടപടിയി ല്ല.

ഫയൽ നം- എ3/3355/2019

നൗഫൽ, കൂടോം തറേമ്മൽ, മുള്ളമ്പത്ത് എന്നവരുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള അപേക്ഷ അപാകതകൾ ചൂണ്ടികാട്ടി 11.06.2019 ലെ എ3/3355/2019 നമ്പർ കത്ത് മുഖേന നിരസിച്ച് അറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്ലോട്ടിൽ നിലവിലുള്ള 2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ, കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം നടത്തിയിട്ടുണ്ടെന്ന് സാങ്കേതിക വിഭാഗം അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്ലാൻ പ്രകാരം പ്ലോട്ടിലുള്ള 4/138 നമ്പറായുള്ള ഒന്നാമത്തെ കെട്ടിടത്തിന്റെ വിസ്തീർണ്ണം 240 ച.മീ ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 162.44 ച.മീ മാത്രമാണ്. സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉടമ അബ്ദുള്ള കൂടോം തറേമ്മൽ എന്നവരാണ്.

കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ഓഡിറ്റ് തിയ്യതിവരെയും മാറ്റിയിട്ടില്ല.

2. 4/139 A മുതൽ 4/139 N (4/139 I ഒഴികെ) വരെയുള്ള നമ്പറുകളായുള്ള രണ്ടാമത്തെ വാണിജ്യ കെട്ടിടത്തിന്റെ സഞ്ചയ പ്രകാരമുള്ള ആകെ വിസ്തീർണ്ണം 367.82 ച.മീ ആണ്. എന്നാൽ സമർപ്പിച്ച അപേക്ഷ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 341.54 മാത്രമാണ്. ഈ കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചിട്ടുള്ളത് 2018 ഒന്നാം അർദ്ധവർഷത്തിലാണ്. മേൽ കെട്ടിടത്തിൽ 327.37 ച.മീ അധിക നിർമ്മാണം നടത്തുന്നതിനുള്ള അനുമതിക്കായാണ് അപേക്ഷ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിലുണ്ടായ വ്യതിയാനം പരിശോധിക്കപ്പെട്ടിട്ടില്ല.

3. സാങ്കേതിക വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടിൽ കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയയിൽ നിർമ്മാണം നടന്നതായും പ്ലോട്ടിലെ കെട്ടിടങ്ങൾ തമ്മിൽ നിശ്ചിത അകലം പാലിക്കുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൽ അധിക നിർമ്മാണം നടന്നതായും കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ നഷ്ടപ്പെട്ടതായും അന്വേഷണ റിപ്പോർട്ടിൽ നിന്നും വ്യക്തമാണ്. പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളിന്മേൽ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചട്ടം 38, 27(2) എന്നിവയുടെ ലംഘനമുണ്ടായിട്ടും നിർമ്മാണ അനുമതിക്കായുള്ള അപേക്ഷ നിരസിക്കുകയല്ലാതെ സ്ഥാപനം അനധികൃത നിർമ്മാണങ്ങൾക്കെതിരെ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

2. <u>പ്രായോഗികമല്ലാത്ത പാർക്കിംഗ് പ്ലാൻ അംഗീകരിച്ച് പെർമിറ്റ് നൽകി .</u>

ഫയൽ നം- A3-3366/2019

പ്രസാദ് കുമുള്ള പറമ്പത്ത്, ചെറുവത്ത് നരിപ്പറ്റ എന്നവരുടെ വാണിജ്യ കെട്ടിടത്തിനുള്ള നിർമ്മാണ അനുമതിക്കുള്ള അപേക്ഷയിന്മേൽ പരിശോധന നടത്തി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. താഴെ പറയുന്ന അപാകതകൾ നിലനിൽക്കെയാണ് കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.

1. പാർക്കിംഗ് പ്ലാൻ പ്രകാരമുള്ള കാർ പാർക്കിംഗുകൾ പ്രായോഗികമല്ല, മതിയായ ഡ്രൈവ് വേ ഇല്ലാത്തതിനാൽ വാഹനങ്ങൾക്ക് വളഞ്ഞ് തിരിയുന്നതിന് സാധ്യമല്ല. കെട്ടിടത്തിനുള്ളിലും പുറത്തുമായി കാണിച്ചിട്ടുള്ള പാർക്കിംഗ് പ്രായോഗികമല്ല.

2. പ്ലോട്ടിന്റെ അതിരിനോട് ചേർന്നുള്ള പ്ലോട്ടുമായി കെട്ടിടം 75 സെന്റിമീറ്ററിൽ കുറഞ്ഞ അകലമാണ് പാലിക്കുന്നത്. എന്നാൽ തൊട്ടടുത്ത പ്ലോട്ടിലും അതിരിനോട് ചേർന്ന് കെട്ടിടം നിലനിൽക്കുന്നുണ്ട്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 27(2) പ്രകാരമുണ്ടായിരിക്കേണ്ട കെട്ടിടവുമായുള്ള അകലം പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. പ്ലാൻ സ്കെയിൽ പ്രകാരം നിശ്ചിത അകലം പാലിക്കുന്നില്ലെന്നതും വ്യക്തമാണ്.

3. <u>പ്ലോട്ട്-കെട്ടിട അളവുകളിൽ അവ്യക്തത</u>

ഫയൽ നം- A3- 8023/2019

കരുണൻ, ആല കെട്ടിയ പറമ്പത്ത്, മുള്ളമ്പത്ത് നരിപ്പറ്റ എന്നവരുടെ വാണിജ്യ കെട്ടിടത്തിനുള്ള ഒക്യുപൻസി അപേക്ഷയിന്മേൽ പരിശോധന നടത്തി ഒക്യുപൻസി അനുവദിച്ചിട്ടുണ്ട്. താഴെ പറയുന്ന അപാകതകൾ നിലനിൽക്കെയാണ് കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചിട്ടുള്ളത്.

1. പ്ലോട്ടിന്റെ കിഴക്ക് വശത്തെ അതിരിന്റെ പരമാവധി നീളം പരമാവധി 13.8 മീറ്ററും പടിഞ്ഞാറ് വശത്തെ അതിരിന്റെ പരമാവധി നീളം 15 മീറ്ററുമാണ് . കെട്ടിടത്തിന്റെ കിഴക്ക് വശത്ത് പിന്നാമ്പുറം 2 മീറ്ററും ഉമ്മറം 4.2 മീറ്ററും കെട്ടിടത്തിന്റെ നീളം 8.93 മീറ്ററും ആണ്. പ്രസ്തുത വശത്തെ പരമാവധി ഭൂമിയുടെ നീളം 13.8 മീറ്റർ ആണെന്നിരിക്കെ പ്ലാനിൽ പിന്നാമ്പുറം , കെട്ടിടം, ഉമ്മറം എന്നിവയുടെ ആകെ നീളം 15.13 മീറ്റര് രേഖപ്പെടുത്തിയിട്ടുണ്ട്. പടിഞ്ഞാറ് വശത്തെ പിന്നാമ്പുറം , കെട്ടിടം, ഉമ്മറം എന്നിവയുടെ ആകെ നീളമായി 16.19 മീറ്റർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത വശത്തെ പ്ലോട്ടിന്റെ പരമാവധി നീളം 15 മീറ്റർ മാത്രമാണ്.

2. പ്ലാനിൽ മുൻഭാഗത്ത് പരമാവധി 4.2 മീറ്റർ രേഖപ്പെടുത്തിയ ഭാഗത്ത് നീളത്തിൽ കാർ പാർക്കിംഗ് രേഖപ്പെടുത്തിയിട്ടുണ്ട്. പാർക്കിംഗിന് കുറഞ്ഞ നീളം 5 മീറ്റർ വേണമെന്നിരിക്കെ 4.2 മീറ്റർ അളവിലുള്ള ഭാഗത്ത് രേഖപ്പെടുത്തിയ ഭാഗത്ത് പാർക്കിംഗിന്റെ പ്രായോഗികത പരിശോധിക്കപ്പെട്ടിട്ടില്ല.

മേൽ ഉദാഹരണങ്ങളിൽ നിന്നും കെട്ടിടനിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന അപേക്ഷകളിന്മേൽ നടത്തപ്പെടുന്ന പ്രാഥമിക പരിശോധന, ഫീൽഡ്തല പരിശോധന, സാങ്കേതിക പരിശോധന എന്നിവ കാര്യക്ഷമമല്ലെന്നും കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി ആസൂത്രണം ചെയ്യപ്പെടുന്നതോ പൂർത്തീകരിക്കപ്പെട്ടതോ ആയ കെട്ടിടങ്ങൾക്ക് അനുമതി നൽകപ്പെടുന്നതിനും വാഴ്ച കാരണമാവുന്നതായും വ്യക്തമായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറി പ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ട തും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-7 സംരംഭക ലൈസൻസ് -മുൻ വർഷങ്ങളിലെ അപാകതകൾ ആവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2020 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1304 (5 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 320പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്(441 കെട്ടിടങ്ങളിൽ). ഇത് കാരണം പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാണിജ്യ-വ്യാവസായികാവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 1304 ഡിമാന്റുകൾ ഉണ്ടെന്നിരിക്കെ 441 (വേക്കൻസി റെമിഷൻ)ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും അപാകത പരിഹരിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്ഥാപനം കൈക്കൊണ്ടതായി കാണുന്നില്ല.

അപാകതകൾക്ക് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-8 വഴി സൗകര്യം തെറ്റായി രേഖപ്പെടുത്തുന്നത് മൂലം നികുതി നഷ്ടം

വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ നിന്നും സഞ്ചയയിൽ തെറ്റായ വഴിസൗകര്യം രേഖപ്പെടുത്തിയത് മൂലം സ്ഥാപനത്തിന് നികുതി നഷ്ടമുണ്ടാകുന്നുണ്ട്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു .

| ക്രമ നം | കെട്ടിടത്തിന്റെ വിശദാംശം | സഞ്ചയയിൽ രേഖപ്പെടുത്തിയ വഴിയുടെ വിശദാംശം | കെട്ടിടത്തിന്റെ യഥാർത്ഥ വഴിസൗകര്യം (സൈറ്റ് പ്ലാൻ പ്രകാരം) |
|---|---|---|---|
| 1 | ഫയൽ നം-A3-1929/2019 തി.01.04.2019<br>ജമാൽ, മീത്തലെ കത്രോൽ, നരിപ്പറ്റ<br>കെട്ടിട നം-13/326 B | കത്രോൽമുക്ക്-പുളിയുള്ളതിൽ മുക്ക് റോഡ്<br>1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി | ചിയ്യൂർ നരിപ്പറ്റ റോഡ് (8 മീ. വീതി)<br>വഴിസൗകര്യം- 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി |

മേൽ അപാകത മൂലം 13/326 B നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി ഇനത്തിൽ പ്രതിവർഷം 540 രൂപ സ്ഥാപനത്തിന് നഷ്ടം ഉണ്ടാകുന്നുണ്ട്.(കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയിന്മേൽ മേഖലാടിസ്ഥാനത്തിൽ 10 ശതമാനം ഇളവും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവും ബാധകമാകുമ്പോൾ ) മേഖലക്കുള്ള ഇളവ് ഉൾപ്പെടെ നിലവിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി 2165 രൂപയാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ വഴിസൗകര്യത്തിന് ബാധകമായ 20% വർദ്ധനവ് ബാധകമാക്കുമ്പോൾ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി 2705 രൂപയാകും.

ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 282 പഞ്ചായത്ത് റോഡുകളുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ റോഡുകൾക്ക് പുറമെ ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ ഉടമസ്ഥതയിലുള്ള റോഡുകളും പരിഗണിക്കുമ്പോൾ പഞ്ചായത്ത് പരിധി യിലെ ആകെ റോഡുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകും. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ 222 റോഡുകൾ മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളൂ. സഞ്ചയയിൽ രേഖപ്പെടുത്താൻ അവശേഷിക്കുന്ന റോഡുകളുടെ വിവരം ഓഡിറ്റ് തിയ്യതിവരെയും സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടില്ല.
സഞ്ചയയിൽ രേഖപ്പെടുത്താത്ത റോഡുകളിൽ നിന്നും പ്രവേശനമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ നിന്നും സഞ്ചയയിൽ പ്രസ്തുത റോഡുകളെ സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ റോഡ് മാസ്റ്ററിൽ നിന്നും സ്ക്രോൾ ചെയ്ത് സെലക്ട് ചെയ്യുന്നതിന് സാധ്യമാവില്ല. ഇത് കാരണം മറ്റുള്ളവ എന്നത് സെലക്ട് ചെയ്ത്, റോഡിനെ സംബന്ധിച്ച വിവരം മാന്വലായി രേഖപ്പെടുത്തുക യാണ് ചെയ്യുന്നത്. ഇത്തരത്തിൽ രേഖപ്പെടുത്തൽ വരുത്തുന്നത് റോഡിന്റെ വീതി തെറ്റായി രേഖപ്പെടുത്തുന്നതിന് കാരണമാവുന്നുണ്ട്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനും റോഡുകൾ മറ്റുള്ളവ എന്ന വിഭാഗത്തിന് കീഴിൽ മാന്വലായി രേഖപ്പെടുത്തുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത കൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളതും വസ്തുനികുതി ചട്ടങ്ങൾ പ്രകാരം വിജ്ഞാപനം ചെയ്തതുമായ മുഴുവൻ റോഡുകളും ഫുട്പാത്തുകളും ഇടവഴികളും സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതും ആയതി ന്റെ വീതിയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.
- മേൽ പരാമർശിച്ച കെട്ടിടത്തിന്റെ വസ്തുനികുതി പുനപരിശോധിക്കേണ്ടതും കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

1-9 ടെണ്ടർ പരസ്യം - അധിക തുക ചെലവഴിക്കുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതി രൂപീകരണ -മോണിറ്ററിംഗ് ചെലവുകൾ എന്ന പദ്ധതി പ്രകാരം ടെണ്ടർ പരസ്യങ്ങളുടെ ചാർജ്ജ് അനുവദിക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ പരസ്യങ്ങൾ വിൻഡോ പരസ്യങ്ങളായി പ്രസിദ്ധീകരിക്കുന്നതിന് പകരം വിശദമായി പത്രപരസ്യം ചെയ്തതിലൂടെ ഈ ഇനത്തിലെ ചെലവ് വർദ്ധിച്ചിട്ടുണ്ട്. സാധാരണ ഗതിയിൽ വിൻഡോ പരസ്യത്തിന്റെ ശരാശരി വിസ്തീർണ്ണം 40 ച.സെ.മി ആണ്. വിൻഡോ പരസ്യങ്ങളുടെ ശരാശരി ചെലവ് 5500 രൂപയിൽ താഴെയാണ്. എന്നാൽ 2019-20 വർഷത്തിൽ ടെണ്ടർ പരസ്യങ്ങൾ വിശദമായി പരസ്യം ചെയ്തതിലൂടെ ചെലവിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പത്ര പരസ്യം- ബില്ലിന്റെ വിശദാംശങ്ങൾ | സൈസ് | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | CLT/2019/2807, ദേശാഭിമാനി | 9x12.2=109.8 ച.സെ.മി | 17639 |
| 2 | CLT/2020/5098, ദേശാഭിമാനി | 11x12.2=134.2 ച.സെ.മി | 21559 |
| 3 | CLT/2019/3728, ദേശാഭിമാനി | 10x8=80 ച.സെ.മി | 12852 |

ടെണ്ടർ സംബന്ധിച്ച വിശദാംശങ്ങൾ Tender.lsgkerala.gov.in എന്ന വെബ്സൈറ്റ് മുഖേന പരസ്യപ്പെടുത്തുകയും മേൽ വിവരം സംബന്ധിച്ച സൂചന ടെണ്ടർ പരസ്യത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിലും ടെണ്ടർ പരസ്യം വിശദമായി പത്രത്തിൽ പ്രസിദ്ധീകരിച്ചതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ വെബ്സൈറ്റ് മുഖേന പരസ്യപ്പെടുത്തുന്ന സാഹചര്യത്തിൽ പ്രസക്തമായ വിവരങ്ങൾ മാത്രമെ പരസ്യത്തിൽ ഉൾപ്പെടുത്തേണ്ടതുള്ളൂ. എന്നാൽ ടെണ്ടർ പരസ്യം വിശദമായി പത്രത്തിൽ പ്രസിദ്ധീകരിച്ചതിലൂടെ ഈ ഇനത്തിലുള്ള ചെലവ് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെലവ് നിയന്ത്രിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

1-10 കുടിവെള്ള വിതരണം- പരിധിയിൽ കവിഞ്ഞ തുക ചെലവഴിച്ചു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ നടപ്പാക്കിയ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം എന്ന പദ്ധതി പ്രകാരം സ്ഥാപനം 1650000 രൂപ ചെലവഴിച്ചിട്ടുണ്ട്. 02.03.2019 തീയതിയിലെ സ.ഉ 500/2019/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 01.04.2019 മുതൽ 31.05.2019 വരെ പരമാവധി 11 ലക്ഷമാണ് കുടിവെള്ള വിതരണത്തിനായി ചെലവഴിക്കുന്നതിന് അനുമതി ഉള്ളത്. എന്നാൽ ഈ കാലയളവിൽ പഞ്ചായത്ത് 1650000 പ്ലാൻ ഫണ്ട്, തനത്ഫണ്ട് എന്നിവ ചെലവഴിച്ചിട്ടുണ്ട്. മേൽ തുകക്ക് പുറമെ 248869 രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ലഭ്യമായതും ഈ ആവശ്യത്തിലേക്കായി ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം കുടിവെള്ള വിതരണത്തിനായി സ്ഥാപനം ആകെ 1898869 രൂപ ചെലവഴിച്ചിട്ടുണ്ട്. അനുവദനീയമായ 11 ലക്ഷത്തിൽ അധികരിച്ച 798869 രൂപയുടെ ചെലവിന് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല.

പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകളാണ് കുടിവെള്ള വിതരണത്തിൽ പരിധിയിൽ അധികരിച്ച തുക ചെലവഴിക്കുന്നതിന് കാരണമായിട്ടുള്ളത്.

ഒന്നിടവിട്ട ദിവസങ്ങളിലാണ് വാർഡിലേക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത്. ഒരു ട്രിപ്പിൽ പരമാവധി 3000 ലിറ്റർ മാത്രമെ വിതരണം ചെയ്തിട്ടുള്ളൂ. ഒരു കുടുബത്തിന് ശരാശരി 200 ലിറ്റർ ( രണ്ട് ദിവസത്തേക്ക് ) കണക്കാക്കുമ്പോൾ ഒരു ട്രിപ്പിൽ നിന്നും പരമാവധി 15 കുടുംബങ്ങൾക്ക് മാത്രമെ കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ ഒരു വാർഡിലെ 100 കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിന് ചുരുങ്ങിയത് 7 ട്രിപ്പെങ്കിലും നടത്തേണ്ടി വരും. വിതരണത്തിനായി കുടിവെള്ളം ശേഖരിക്കുന്നത് പഞ്ചായത്ത് പരിധിക്ക് പുറത്തെ വട്ടോളി എന്ന പ്രദേശത്ത് നിന്നാണ്. ട്രിപ്പുകൾ കൂടുതൽ നടത്തേണ്ടിവരുന്നതും പഞ്ചായത്ത് പരിധിക്ക് പുറത്ത് നിന്നും കുടിവെള്ളം ശേഖരിക്കു ന്നതും ആകെ ഓടുന്ന ദൂരം വർദ്ധിക്കുന്നതിന് കാരണമാവുകയും ചെലവ് വർദ്ധിക്കുന്നതിനും കാരണമായിട്ടുണ്ട്.

ദുരന്ത നിവാരണ വകുപ്പിന്റെ 23.02.2017 ലെ സ.ഉ(സാധാ) നം. 787/2017/ദു.നി.വ നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ളം വിതരണം ചെയ്യേണ്ടത് ടാങ്കറുകളിലാണെന്ന് വ്യക്തമാക്കി യിട്ടുണ്ട്. കൂടാതെ കുടിവെള്ള വിതരണത്തിന് വാട്ടർ കിയോസ്കുകളെ ആശ്രയിക്കേണ്ടതാ ണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിന് വിരുദ്ധമായി ചെറിയ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്തത് ചെലവ് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. ടെണ്ടർ പരസ്യത്തിൽ ഒരു കിലോമീറ്ററിൽ 1000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നിരക്ക് ക്വാട്ട് ചെയ്യുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഒരു കിലോ മീറ്ററിൽ

1000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്യുന്നതിന് 75 രൂപ നിരക്കിലാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. ഒരു ട്രിപ്പിൽ പരമാവധി 3000 ലിറ്ററാണ് വിതരണം ചെയ്തിട്ടുള്ളത്. ഇത് പരിഗണിക്കുമ്പോൾ ഒരു കിലോമീറ്ററിന് 225 രൂപ പഞ്ചായത്തിന് ചെലവ് വന്നതായി കാണാം. ഒരു കിലോമീറ്ററിൽ 1000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നിരക്ക് ക്വാട്ട് ചെയ്യുന്നതിനുള്ള വ്യവസ്ഥ ടെണ്ടറിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കണമെന്നാ വശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

1000 ലിറ്റർ വിതരണം ചെയ്യുന്നതിനുള്ള നിരക്കിന് പകരം ഒരു ട്രിപ്പിൽ വിതരണം ചെയ്യേണ്ട കുറഞ്ഞ അളവും ഒരു കിലോമീറ്റർ വിതരണം ചെയ്യുന്നതിനാവശ്യമായ നിരക്കും ക്വാട്ട് ചെയ്യുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിൽ കുടിവെള്ള വിതരണത്തിനുണ്ടായിട്ടുള്ള ചെലവ് കുറയ്ക്കുന്നതിന് സാധിക്കുമായിരുന്നു. ഗ്രാമപഞ്ചായത്ത് പരിധിക്ക് പുറത്തുള്ള കുടിവെള്ള സ്രോതസ്സിനെ കുടിവെള്ള വിതരണത്തിനായി ആശ്രയിക്കുന്നതും ഒഴിവാക്കാമാ യിരുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന്റെ പരിധിയിൽ അധികരിച്ച് ചെലവഴിച്ച 798869 രൂപ തടസ്സപ്പെടുത്തുന്നു.

## 1-11 വിവിധ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് അടച്ചത്- വിശദാംശങ്ങൾ ലഭ്യമല്ല

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, ഇരുമ്പംതടം അങ്കണവാടി എന്നീ സ്ഥാപനങ്ങളുടെ താഴെ കൊടുത്ത വൗച്ചറുകൾ പ്രകാരം അടവാക്കിയ വൈദ്യുതി ചാർജ്ജ്, ക്രമാതീതമായി ഉയർന്ന നിരക്കാണെന്ന് കാണുന്നു. ഇതിന്റെ വ്യക്തമായ കാരണം സൂചിപ്പിക്കാതെയാണ് ചെലവ് നടത്തിയിരിക്കുന്നത്. കമ്മ്യൂണിറ്റി ഹാൾ കറന്റ് ചാർജ്ജിനത്തിൽ വിവിധ മാസങ്ങളിൽ 500/- രൂപയിൽ കുറഞ്ഞ തുകയാണ് ഒടുക്കിയത് (ഉദാ-12.4. 19 ലെ 21900047 നമ്പർ വൗച്ചർ പ്രകാരം 461/-രൂപ) അങ്കണവാടിയുടെ കാര്യത്തിൽ ആകെ അങ്കണവാടികൾക്ക് ഓഡിറ്റ് വർഷം 3898/-രൂപ മാത്രമാണ് ഒടുക്കിയതെന്നും ശ്രദ്ധേയമാണ്.

| ക്രമ നം | സ്ഥാപനം | കൺസ്യൂമർ നം | വൗച്ചർ നം | തുക |
|---|---|---|---|---|
| 1 | കമ്മ്യൂണിറ്റി ഹാൾ | 1167358005090 | 21900725/18.12.19<br>21900547/21.10.19 | 7168<br>2696 |
| 2 | ഇരുമ്പം തടം അങ്കണവാടി | | 21900547/21.10.19 | 2698 |
| ആകെ | | | | 12562/- |

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല .ഇത്രയും വലിയ തുക ചെലവ് വന്നതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. വിശദീകരണം ലഭ്യമല്ലാത്ത തിനാൽ ചെലവ് തുക 12562/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-12 കയ്യാൽ കുടിവെള്ള പദ്ധതിക്ക് തുക വിനിയോഗിക്കുന്നത്-വിശദീകരണം ലഭ്യമാക്കിയില്ല

കയ്യാൽ കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ്ജിനത്തിൽ 230100104(ഇലക്ട്രിസിറ്റി ചാർജ്ജ്ഫോർ DWS) നമ്പർ അക്കൗണ്ട് ഹെഡ്ഡ് വഴി ഓഡിറ്റ് വർഷത്തിൽ ആകെ 7154/-രൂപ വിനിയോഗിച്ചിട്ടുണ്ട്. പൂർത്തീകരിക്കപ്പെട്ട കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികളെ ഏല്പിക്കണമെന്നും കറന്റ് ചാർജ്ജുൾപ്പെടെ ചെലവ് അവർ വഹിക്കണമെന്നും നിർദ്ദേശമുണ്ടായിരിക്കെ ഈ ഇനത്തിൽ തുക വിനിയോഗിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം

ലഭ്യമാക്കേണ്ടതാ ണ്. വിശദാംശത്തിന്റെ അഭാവത്തിൽ 7154/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-13 മുൻഗണന പരിഗണിക്കാതെ പദ്ധതി നടപ്പാക്കി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ നടപ്പാക്കിയ ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ, കമ്മ്യൂണിറ്റിഹാൾ മൈക്ക് സെറ്റ് ( പ്രൊ.നം- 105/2019-20) എന്ന പദ്ധതി പ്രകാരം കോൺഫറൻസ് ഹാൾ, കമ്മ്യൂണിറ്റിഹാൾ എന്നിവിട ങ്ങളിലേക്ക് ആംപ്ലിഫയർ, സ്പീക്കർ , മൈക്ക് സെറ്റ് എന്നിവ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. 07.03.2022 തീയതിയിൽ നടത്തിയ സൈറ്റ് പരിശോധനയിൽ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ഇരിപ്പിടം, ടോയ്‌ലറ്റ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലെന്നും കെട്ടിടത്തിൽ അറ്റകുറ്റപണികൾ ആവശ്യമുണ്ടെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ വെല്ലുവിളികൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകാതെ ആംപ്ലിഫയർ, സ്പീക്കർ , മൈക്ക് സെറ്റ് എന്നിവ വാങ്ങുന്നതിന് വേണ്ടിയുള്ള പദ്ധതിക്ക് മുൻഗണന നൽകി.
2. കരട് പദ്ധതി രേഖയിൽ മേൽ പദ്ധതി ഉൾപ്പെട്ടതായി കാണുന്നില്ല. കരട് പദ്ധതിരേഖയിൽ ഉൾപ്പെടാത്ത പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കരട് പദ്ധതി രേഖയിൽ ഉൾപ്പെട്ടതും 150000 രൂപ മെയിന്റനൻസ് ഗ്രാന്റ് റോഡിതരം വകയിരുത്തിയതുമായ കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് പദ്ധതി നടപ്പാക്കാതെ ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 26 ലക്ഷത്തിലധികം തുക മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ മേൽ പദ്ധതി ഉപേക്ഷിച്ചിട്ടുള്ളത്.
3. സൈറ്റ് പരിശോധനയിൽ കമ്മ്യൂണിറ്റിഹാളിൽ പദ്ധതി പ്രകാരം വാങ്ങിയ ആംപ്ലിഫയറിന് പുറമെ 2 ആംപ്ലിഫയറുകൾ അധികമുള്ളതായി കണ്ടിട്ടുണ്ട്. സ്ഥാപനത്തിൽ രണ്ട് ആംപ്ലിഫയറുകൾ ഉണ്ടായിരിക്കെ പുതിയ ആംപ്ലിഫയർ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.
4. പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നും സ്പെസിഫിക്കേഷൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കാതെയാണ് ടെണ്ടർ നടപടി, വാങ്ങൽ എന്നിവ നടത്തിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്മ്യൂണിറ്റി ഹാളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച സംബന്ധിച്ച പരാമർശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-18 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ളം, വൈദ്യുതി, ടോയ്‌ലറ്റ് മറ്റ് അടിസ്ഥാനസൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത പരിഹരിക്കുന്നതിന്, വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ എന്നിവ ആസൂത്രണം ചെയ്ത കമ്മ്യൂണിറ്റിഹാൾ അടിസ്ഥാന സൗകര്യവികസനത്തിനും അറ്റകുറ്റപണികൾക്കുമായുള്ള പദ്ധതി കരട് പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രൊജക്റ്റ് അന്തിമപദ്ധതിരേഖയിൽ ഉൾപ്പെടുത്താതെ ഉപേക്ഷിച്ചിക്കുകയും പകരം കരട് പദ്ധതി രേഖയിൽ ഉൾപ്പെടാത്ത കമ്മ്യൂണിറ്റി ഹാളിലേക്ക് പബ്ലിക് അഡ്രസ്സ് സിസ്റ്റം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പാക്കുകയുമാണ് ഉണ്ടായിട്ടുള്ളത്. പ്രസ്തുത പബ്ലിക് അഡ്രസ്സ് സിസ്റ്റം അനിവാര്യമായ ഒരു പരിപാടി പോലും കമ്മ്യൂണിറ്റി ഹാളിൽവെച്ച് നടത്തപ്പെട്ടിട്ടില്ലെന്ന വസ്തുത മേൽ പദ്ധതിയുടെ അനിവാര്യത, മുൻഗണന എന്നിവയെ ചോദ്യം ചെയ്യുന്നുണ്ട്. ആസ്തിയുടെ പരിതാപകരമായ സ്ഥിതി പരിപാടികൾ ലഭിക്കുന്നതിനും തടസ്സമായിട്ടുണ്ടെന്നത് വ്യക്തമാണ്.

ആസൂത്രണ നടപടിക്രമങ്ങൾ പാലിക്കാതെയും ഗ്രാമസഭയെ മറികടന്നുമാണ് പദ്ധതി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. കമ്മ്യൂണിറ്റി ഹാളിൽ പബ്ലിക് അഡ്രസ്സ് സിസ്റ്റം ഒരുക്കുന്നതിന് വേണ്ടി ചെലവഴിച്ച 86600 രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ആസ്തിയിന്മേൽ അടിയന്തിരമായ അറ്റകുറ്റപ്പണികൾ നടത്തിയും അടിസ്ഥാനസൗകര്യങ്ങളൊരുക്കിയും കമ്മ്യൂണിറ്റി

ഹാളിന്റെ പ്രസക്തിയും സാധ്യതയും വർദ്ധിപ്പിക്കേണ്ടതാണ്.

## 1-14 പുഴ പുറമ്പോക്ക് കയ്യേറ്റം- തുടർ നടപടികളിൽ വീഴ്ച.

ഫയൽ നം- എ1- 2066/2020.

ചന്ദ്രി.കെ.പി ,കയിച്ചാലുപറമ്പ്, നരിപ്പറ്റ എന്നവർ 23.01.2020 തിയ്യതിയിൽ കോഴിക്കോട് ജില്ലാകളക്ടർ സമക്ഷം സമർപ്പിച്ച പരാതിയിൽ നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിലെ പുഴയോരത്തെ നാല് ഏക്കറോളം ഭൂമി സ്വകാര്യവ്യക്തി കയ്യേറിയതായി പരാതി സമർപ്പിക്കുകയും പ്രസ്തുത പരാതി പരിശോധിച്ച് പുഴപുറമ്പോക്ക് കയ്യേറ്റമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ നിർദ്ദേശിച്ച് ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സെക്രട്ടറി 07.05.2020 തിയ്യതിയിൽ വില്ലേജ് ഓഫീസർക്ക് കത്ത് നൽകുകയും 24.09.2020 തിയ്യതിയിൽ ഓർമ്മകുറിപ്പ് അയക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് തിയ്യതി വരെയും വില്ലേജ് ഓഫീസർ ഇത് സംബന്ധിച്ച പരിശോധന നടത്തി വിവരം പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. പരാതിയിന്മേൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പരാതി ഭരണ സമിതി ചർച്ച ചെയ്തിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ഓഫീസർമാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങൾ പ്രകാരം വില്ലേജ് ഓഫീസർ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിന് ബാധ്യസ്ഥനാണ്.വിവരങ്ങൾ ലഭ്യമാക്കാത്ത പക്ഷം പ്രസ്തുത വിവരം ജില്ലാകളക്ടറുടെ ശ്രദ്ധയിൽപെടുത്തേണ്ടതാണ്. എന്നാൽ സെക്രട്ടറി വില്ലേജ് ഓഫീസർക്ക് 07.05.2020 തിയ്യതിയിൽ വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ഒരു വർഷം പിന്നിട്ടിട്ടും ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218(1) മുതൽ 218(4) വരെയുള്ള വകുപ്പുകൾ പ്രകാരം ആക്ട് നിലവിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും ,നീരുറവകളും,ജലസംഭരണികളും,നദികളുടെ തടങ്ങളും തീരങ്ങളും ,തടാകങ്ങളും ചെറുകായലുകളും ,നീരുറവകളും കുളങ്ങളും നീർത്തടങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപോകുന്നതുമായ എല്ലാജലവും നീരുറവകളും പുഴ പുറമ്പോക്കുകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു. പരാതിയിൽ നിന്നും പ്രസ്തുതഭൂമി പുഴയോട് ചേർന്ന് കിടക്കുന്നതാണെന്നത് വ്യക്തമാണ്. ബന്ധപ്പെട്ട പരാതിയിന്മേൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് തിയ്യതിവരെയും യാതൊരുവിധ പരിശോധനയും നടത്തിയിട്ടില്ല.

3.1957 ലെ കേരള ലാന്റ് കൺസർവൻസി ആക്ട് സെക്ഷൻ 15 പ്രകാരം ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ 2016 ലെ ഭേദഗതിയിലൂടെ (01.03.2016 ലെ ജി.ഒ.(പി) നം. 191/2016/R.D ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്ത ഭേദഗതി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരിലും നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഇത് പ്രകാരം പ്രസ്തുത ഭൂമിയിലെ കൈവശക്കാരോട് ആധാരം, പട്ടയം ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കുന്നതിന് സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്. എന്നാൽ മേൽ അധികാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉപയോഗപ്പെടുത്താതിരുന്നതും പരാതിയിന്മേൽ നടപടികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടാക്കിയിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാതിയിന്മേൽ 1957 ലെ ഭൂവിനിയോഗ നിയമം , കേരള പഞ്ചായത്ത് രാജ് നിയമം എന്നിവ പ്രകാരം നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകളും അധികാരങ്ങളും നിർവ്വഹിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. മേൽ നിയമങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പരാതിയിന്മേൽ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതും വിവരങ്ങൾ ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയ വില്ലേജ് ഓഫീസർക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തികളുടെ ടെണ്ടർ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും കാണുന്നു. മൊത്തം പ്രവൃത്തികൾ

വിലയിരുത്തിയതിൽ ചില കരാറുകാർ എല്ലാ പ്രവൃത്തികളും താഴെ കൊടുത്ത പ്രകാരം വീതം വച്ചെടുത്തതായി കാണുന്നു

| ക്രമ നം | കരാറുകാരൻ | പ്രവർത്തികളുടെ എണ്ണം |
|---|---|---|
| 1 | വിലങ്ങാട് എസ്.ടി.ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 9 |
| 2 | ജേഷ് എം.പി മാവുള്ള പറമ്പത്ത് | 7 |
| 3 | എം.ടി കുഞ്ഞമ്മദ് മീത്തലെ തിക്കോടിന്റെവിട | 5 |
| 4 | ചന്ദ്രൻ നെല്ലിക്കുൽ | 14 |
| 5 | സി.കെ മുഹമ്മദ് ചെറ്റക്കൽ | 7 |
| 6 | കേളോത്ത് അബ്ദുള്ള തറോപ്പൊയിൽ | 4 |
| 7 | ബാലൻ. എം.ടി | 3 |
| 8 | സുമിത്രൻ ഇ.കെ.എടക്കോട്ടുമ്മൽ | 7 |
| 9 | അബ്ദുറഹിമാൻ. കെ.പി.കുമുള്ള പറമ്പത്ത് | 8 |
| 10 | റഫീഖ്.കെ.പി.കുറ്റിയിൽ പറമ്പത്ത് | 1 |
| 11 | മൊയ്തു ഹാജി | 1 |
| 12 | സുരേഷ് ബാബു കൊയ്യാലുമ്മൽ | 2 |
| 13 | ഷാജി സി.പി | 7 |
| 14 | സന്തോഷ്. ആർ.പി | |

മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായ ല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ച കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാതല ത്തിൽ അംഗീകരിച്ച കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേ ണ്ട

പദ്ധതികളുടെ മുൻഗണന,പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്ന താണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസകാലയള വിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞെടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ട തുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങു ന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടി ക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ശരിയായ നടപടിയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാ ത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ച് സാമ്പത്തിക നഷ്ടം ഉണ്ടാക്കി

2) ഓഡിറ്റ് വർഷം 77 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. ഇവയുടെ മെറ്റീരിയൽ ഇറക്കിയ വകയിൽ കോൺട്രാക്ടർമാർക്ക് തുക നൽകിയ ബില്ലുകളിൽ നിന്നും ജി.എസ്.ടി, ഐ.ടി. ഇനത്തിൽ നിയമാനുസൃതമായി തുകകൾ ഈടാക്കിയിട്ടില്ല.

3) സാധന സാഗ്രികളുടെ വാങ്ങൽ, സംഭരണം വിനിയോഗം,വിദഗ്ധ/ അവിദഗ്ധ തൊഴിലാളികളുടെ കൂലി എന്നിവ സുതാര്യവും അഴിമതി രഹിതവുമായി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് അധ്യക്ഷനായി രൂപീകരിച്ച പ്രൊക്യൂർമെന്റ് കമ്മിറ്റി അവസാനമായി യോഗം ചേർന്നത് 24.01.2020 നാണ് അതിന് ശേഷം യോഗം ചേർന്നിട്ടില്ല

അപാകതകൾക്ക് വിശദീകരികരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/19-20/7.3.22) മറുപടി സമർപ്പിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതി സുതാര്യമായും കാര്യക്ഷമമായും നടക്കുന്നു എന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 പ്രാഥമികാരോഗ്യ കേന്ദ്രം - വാഹനം ഉപയോഗിക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് വർഷം പ്രാഥമികാരോഗ്യകേന്ദ്രത്തിലെ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ച് വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1. ക്വട്ടേഷൻ ക്ഷണിക്കാതെ വാഹനം വാടകയ്ക്ക് എടുക്കുന്നു

വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ ക്വട്ടേഷൻ ക്ഷണിച്ച്, അതിൽനിന്നും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത വാഹന ഉടമയ്ക്കാണ് ഓർഡർ നൽകേണ്ടത്. എന്നാൽ ഓഡിറ്റ് വർഷം ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. അവസാനമായി ക്വട്ടേഷൻ ക്ഷണിച്ചത് 18.04.2016 നാണ്. ഇതിന് ശേഷം ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല.

### 2. വാടക നൽകുന്നതിലെ അപാകതകൾ

പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയുടെ ഭാഗമായുള്ള ഹോംകെയറിനും, സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായുള്ള പ്രതിരോധ കുത്തിവെപ്പുകൾക്കും ഓടിയ വകയിൽ ഒരു വാഹനത്തിന് ഒരേ ദിവസം രണ്ട് പേമെന്റ് നൽകിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹനത്തിന്റെ നമ്പർ | തീയതി | ഓടിയ കിലോ മീറ്റർ | നൽകിയ തുക |
|---|---|---|---|
| KL 08 W 405 | 17.09.19 | 84 (പാലിയേറ്റീവ്)<br>72 (സമഗ്ര ആരോഗ്യം) | 1000/-<br>600/- |
| ടി | 19.09.19 | 84 (പാലിയേറ്റീവ്)<br>72 (സമഗ്ര ആരോഗ്യം) | 1000/-<br>600/- |
| ടി | 20.09.19 | 84 (പാലിയേറ്റീവ്)<br>72 (സമഗ്ര ആരോഗ്യം) | 1000/-<br>600/- |
| ടി | 25.04.19 | 84 (പാലിയേറ്റീവ്)<br>72 (സമഗ്ര ആരോഗ്യം) | 1000/-<br>600/- |
| ടി | 9.5.19 | 84 (പാലിയേറ്റീവ്)<br>72 (സമഗ്ര ആരോഗ്യം) | 1000/-<br>600/- |

ഈ തുകകൾ നൽകിയിരിക്കുന്നത് മിനീഷ്. പി.പി എന്ന ഡ്രൈവർക്കാണ് ( ബാഡ്ജ് നം.58/2045 /2004). ട്രിപ്പ് ഷീറ്റിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയാണ് ഓടിയ സമയമായി കാണിച്ചിരിക്കുന്നത്. ഒരേ സമയം തന്നെ ഈ വാഹനം രണ്ട് വ്യത്യസ്ത കാര്യങ്ങൾക്കായി ഓടിയിട്ടുള്ളതായി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പാലിയേറ്റീവ് പദ്ധതിക്കായി സ്ഥിരമായി 84 കിലോമീറ്ററും സമഗ്ര ആരോഗ്യ പദ്ധതിക്കായി 72 കിലോമീറ്ററുമാണ് ഓടിയതായി രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിന് സ്ഥിരമായി യഥാക്രമം 1000/-,600/- രൂപയാണ് നൽകി വരുന്നത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/19-20/7.3.22) മറുപടി നൽകിയിട്ടില്ല.

വാഹനം ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കാതെയും, മതിയായ പരിശോധനകൾ നടത്താതെയും വാഹനവാടക നൽകിയതായി കാണുന്നു. വാഹന വാടക നൽകുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ട് ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 അങ്കണവാടികളിൽ കുടിവെള്ള സൗകര്യമില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 31 അങ്കണവാടികളാണുള്ളത്. ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ പ്രകാരം ഇതിൽ 30 അങ്കണവാടികളും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 18 അങ്കണവാടികളിൽ കുടിവെള്ള സൗകര്യമൊരുക്കിയിട്ടില്ല. കുടിവെള്ള സൗകര്യമില്ലാത്ത 18 അങ്കണവാടിക ളും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയാണ്. അങ്കണവാടികളിൽ അടിസ്ഥാന സൗകര്യമൊരുക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 കമ്മ്യൂണിറ്റിഹാൾ കെട്ടിടം ഉപയോഗിക്കാതെ നശിക്കുന്നു

2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-6ൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റിഹാളിന്റെ പരിപാലനത്തിലെ അപാകതകൾ പരാമർശിച്ചിരുന്നു. മേൽ റിപ്പോർട്ടിന് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ പൊതുജനങ്ങൾക്ക്

സൗകര്യപ്രദമായ രീതിയിൽ പരിഷ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും വരും വർഷങ്ങളിലുള്ള പദ്ധതിയിലൂടെ ഇപ്പോഴുള്ള കുടിവെള്ള പ്രശ്നം പൂർണമായി പരിഹരിക്കുമെന്നും അറിയിച്ചിരുന്നു. ഈ മറുപടിയുടെ അടിസ്ഥാനത്തിൽ 12.06.2018 ലെ കെ.എസ്.എ.കെ.കെ.ഡി പി.17/866/2018 നമ്പർ അനന്തര പരാമർശത്തിലൂടെ ഖണ്ഡിക 2-6 ലെ മേൽ പരാമർശം ഒഴിവാക്കിയിരുന്നു. എന്നാൽ 2019-20വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 07.03.2022 ന് ഗ്രാമപഞ്ചായത്ത് അധികൃതരുടെ സാന്നിധ്യത്തിൽ കമ്മ്യൂണിറ്റിഹാൾ കെട്ടിടം വീണ്ടും പരിശോധിച്ചതിൽ കെട്ടിടം ഉപയോഗിക്കാൻ കഴിയാത്തവിധം ശോചനീയാവസ്ഥയിലാണെന്ന് കണ്ടു. കെട്ടിടത്തിൽ വെള്ളമില്ല. ലൈറ്റ്, ഫാൻ എന്നിവയില്ല. വയറിംഗ് കേടുവന്നിരിക്കുന്നു. ഹാളിൽ ആകെ 40 പഴയ കസേരകൾ മാത്രം. സീലിംഗും ജനൽചില്ലുകളും പൊട്ടിയിരിക്കുന്നു. ടോയ്‌ലറ്റ് വൃത്തിയാക്കാതെ നശിച്ചിരിക്കുന്നു. വരാന്തയിൽ ചാക്കുകളിൽ കേടുവന്ന് നശിച്ച ഉഴുന്ന്, ആട്ട തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ കൂട്ടിയിട്ടിരിക്കുന്നു. ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് മെയിന്റനൻസ് നടത്തുന്നതിനുള്ള പ്രവൃത്തികൾ മുൻഗണനാ ക്രമത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കാത്തതാണ് മേൽപ്പറഞ്ഞ അപാകതകൾക്ക് കാരണം. അപാകതകൾ പരിഹരിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിന്മേൽ കൃത്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടിന് വസ്തുതാ വിരുദ്ധമായ മറുപടി നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-19 മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകിയതിലെ അപാകതകൾ

പ്രൊജക്റ്റ് നമ്പർ - 17/2019-20

അടങ്കൽ - 1200800

ചെലവ് - 1200600

നിർവ്വഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ

തൻവർഷം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയതിന് 1200600 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

സ.ഉ(കൈ)നം.22/2018/തസ്വഭവ,തീ.14.02.2018 ഖണ്ഡിക 7.1.6(ബി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് വിവിധ ഇനങ്ങളി ലായി പ്രതിവർഷം 28500രൂപ ധനസഹായം അർഹതയുണ്ട്. എന്നാൽ അർഹതപ്പെട്ട തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല. എല്ലാ കുട്ടികൾക്കും ഏകീകൃത നിരക്കിലല്ല തുക വിതരണം ചെയ്തിരിക്കുന്നത്. ചില കുട്ടികൾക്ക് തൻവർഷം തുക വിതരണം ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വയസ്സ് | വിഭാഗം | നൽകിയ തുക |
|---|---|---|---|
| ശരണ്യ | 9 | എം.ആർ | 16000 |
| ശബരീനാഥ് | 9 | എം.ആർ | 16000 |
| ബാബു | 45 | എം.ആർ | 16500 |
| അഫീഫത്ത് | 19 | എം.ആർ | 20000 |

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക വകയിരുത്താതെ പ്രൊജക്റ്റ് തയ്യാറാക്കിയതാണ് മേൽപ്പറഞ്ഞ അപാകതകൾക്ക് കാരണം. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/2019-20) ലഭിച്ച മറുപടിയിൽ 58 കുട്ടികൾക്ക് തുക വകയിരുത്തിയെങ്കിലും ആ വർഷം അവസാനത്തോടെ 65 കുട്ടികൾ അപേക്ഷ നൽകിയതിനാൽ കൂടുതൽ തുക വകയിരുത്താൻ കഴിഞ്ഞില്ല എന്നാണറിയിച്ചിരിക്കുന്നത്. ആവശ്യമായ ഡാറ്റാ ശേഖരണം നടത്താതെ യുക്തിസഹമല്ലാത്ത തുക വകയിരുത്തി പ്രൊജക്റ്റ് നടപ്പാക്കുക വഴി ഗുണഭോക്താക്കൾക്ക്

അർഹതപ്പെട്ട തുക ലഭിക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥൻ, വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ വീഴ്ചയാണ്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

1-20 കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് - തിരിച്ചടവ് ആരംഭിച്ചില്ല

സ.ഉ.(സാധാ) നം.432/2019 തസ്വഭവ. തി.26.02.2019 പ്രകാരമുള്ള ഉത്തരവ് പ്രകാരം കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നം. | 192/20 |
| അടങ്കൽ | 500000/- |
| ഫണ്ട് | തനത് |
| ചെലവ് | 500000/- |
| ബിൽനം. തി. | 7081/31.3.20 |

സ.ഉ (കൈ) നം.22/2018 തസ്വഭവ.തി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.21-2ൽ സംരംഭകത്വ വികസനത്തിനായി തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കുന്ന തുക പ്രൊജക്ടിലൂടെ റിവോൾവിംഗ് ഫണ്ടിലേക്ക് വകയിരുത്തി വിതരണം ചെയ്യാവുന്നതാണ്. ഇത് ഗുണഭോക്താവിനുള്ള ധനസഹായമല്ല. താൽക്കാലികമായ പലിശരഹിത പ്രോത്സാഹനം മാത്രമാണ്. ഈ തുക ധനസഹായം ലഭിച്ച് മൂന്നുമാസം കഴിഞ്ഞാൽ പ്രതിമാസ തവണകളായി തിരിച്ചടക്കേണ്ടതാണ്. ഇതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേക ബേങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് സംബന്ധിച്ച് ബാങ്ക് സ്ലിപ്പുകളുടെ പകർപ്പുകൾ അതാത് സമയം നിർവ്വഹണ ഉദ്യോഗസ്ഥൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. റിവോൾവിംഗ് ഫണ്ടിന്റെ പ്രതിമാസ തിരിച്ചടവ് തുകയും തവണകളും മറ്റ് വ്യവസ്ഥകളും ഉൾപ്പെടുത്തി സംരംഭകരും നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ ചമയ്ക്കേണ്ടതാണ്. എന്നാൽ ഇത്തരം വ്യവസ്ഥകൾ ഒന്നും തന്നെ പാലിക്കാതെയാണ് മേൽ സൂചിപ്പിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥൻ കൈമാറിയിരിക്കു ന്നത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/19-20 /5.3.22) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി (നം.KBKZD2/21-22/8.3.22) സമർപ്പിച്ചിട്ടുണ്ട്. മറുപടിയിൽ ജില്ലാ വ്യവസായ ഓഫീസറുടെ നിർദ്ദേശ പ്രകാരമാണ് തുക കൈമാറിയതെന്നും, വിവിധ തലങ്ങളിൽ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കിയതെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ജില്ലാ വ്യവസായ വികസന ഓഫീസർ അയച്ച കത്തിൽ പദ്ധതി സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട് . എന്നാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ റിവോൾവിംഗ് ഫണ്ട് അനുവദിച്ചത് ശരിയായ നടപടിയല്ല. റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവിൽ സൂചിപ്പിച്ച നിബന്ധനകൾ പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. റിവോൾവിംഗ് ഫണ്ട് ഇനത്തിൽ ചെലവഴിച്ച 500000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു

1-21 താനിയുള്ള പൊയിൽ കുടിവെള്ള പദ്ധതി -കരാറുകാരന് ടെണ്ടർ കുറവ് വരുത്താതെ തുക നൽകി

പ്രോജക്ട് നം-127/19-20

നിർവ്വഹണം -അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ -342007 (റോഡിതര മെയിന്റനൻസ് ഫണ്ട്)

ചെലവ് - 193075/-(ബിൽ നം-7/9-07-19)

2018-19 വർഷം നിർവ്വഹണം പൂർത്തീകരിച്ച കുടിവെള്ള പദ്ധതിയിൽ ഫൈനൽ ബിൽ നൽകുന്നതിനായാണ് ഓഡിറ്റ് വർഷം സ്പിൽ ഓവർ ആയി പദ്ധതി രൂപീകരിച്ചിട്ടുള്ളത്. 1500000 രൂപ അടങ്കലിൽ 2016-17 വർഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ താനിയുള്ള പൊയിൽ കുടിവെള്ള പദ്ധതിക്കായി ശ്രീ.സബാസ്റ്റ്യൻ ടി.എ എന്നയാൾ സമർപ്പിച്ച ടെണ്ടർ സ്വീകരിക്കുകയും 13-02-2017 ലെ സെലക്ഷൻ നോട്ടീസ് പ്രകാരം 1076282.15 രൂപയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട് (എഗ്രിമെന്റ് നം-35/16-17 തീയ്യതി-14/03/17). പദ്ധതിയിൽ ചിലമാറ്റങ്ങൾ ആവശ്യമായതിനാൽ ഭരണ സമിതിയുടെ 27-06-2017 തീയതിയിലെ 125(11)/17 തീരുമാന പ്രകാരം . അടങ്കൽ തുകയായ 1500000 രൂപയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് പദ്ധതി നടപ്പാക്കിയത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ പ്രവത്തിയുടെ എം ബുക്ക് നം-391/17-18 പ്രകാരം CC I &Part Bill ആയി 990525 രൂപ മുൻവർഷം കരാറുകാരന് നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷം എം ബുക്ക് നം 261/2018-19 പ്രകാരം 1-01-2019 ന് ഫൈനൽ മെഷർമെന്റ് രേഖപ്പെടുത്തിയ പദ്ധതിക്ക് 1183600.31 രൂപ പ്രവൃത്തിമൂല്ല്യം രേഖപ്പെടുത്തുകയും CC II&Final ബില്ലായി 193075 രൂപ കൂടി കരാറുകാരന് അനുവദിക്കുകയും ചെയ്തു. ഇപ്രകാരം പദ്ധതിക്കായി ആകെ 1183600/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. പദ്ധതിക്കായി 1076282.15 രൂപയ്ക്കാണ് കറാറുകാരനായ ശ്രീ.സെബാസ്റ്റ്യൻ ടി.എ കരാറിൽ ഏർപ്പെട്ടിരിക്കുന്നത് എന്നിരിക്കെ കരാറുകാരന് ടെണ്ടർ കുറവ് വരുത്താതെ പ്രവൃത്തിമൂല്ല്യമായ 1183600 രൂപ നൽകിയത് വഴി 107317.85 രൂപ അധികം നൽകുന്നതിനിടയായിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ടെണ്ടർ കുറവ് വരുത്താതെ കരാറുകാരന് അധികം നൽകിയ 107317.85/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-22 റോഡ് റീടാറിംഗ് പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ .

2018-19 വർഷം എസ്റ്റിമേറ്റ് തയ്യാറാക്കി ഓഡിറ്റ് വർഷം സ്പിൽ ഓവർ പദ്ധതിയായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത റോഡ് റീ ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ Mix Seal Surfacing-Mechanical Means ഇനം ഉൾപ്പെടുത്തിയാണ് താഴെ പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളത്.

| പ്രവൃത്തിയുടെ പേര് | ഇനം ചെയ്ത അളവ് | ചെലവ് |
|---|---|---|
| വിലങ്ങാട് വായാട് വടക്ക് റോഡ്<br>പ്രോജക്ട്-146/19-20<br>അടങ്കൽ -600000<br>ചെലവ്- 599866 | 1230.775m3 X181.75 | 223693.36 |

| | | |
|---|---|---|
| ചകിരിയിൽ തോട്-തരിപ്പകോളനിറോഡ്<br>പ്രോജക്റ്റ്-145/19-20<br>അടങ്കൽ-800000<br>ചെലവ്-797963 | 1452.313m3X181.75 | 263957.89 |

ഓഡിറ്റ് വർഷം തന്നെ സ്പിൽ ഓവർപദ്ധതിയായി റോഡ് റീടാറിംഗിനായി എസ്റ്റിമേറ്റിൽ Mix Seal Surfacing -Manual Means ഇനം ഉൾപ്പെടുത്തി താഴെ പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തിയും നിർവ്വഹിച്ചതായി കാണുന്നു

| പ്രവൃത്തിയുടെ പേര് | ഇനം ചെയ്ത അളവ് | ചെലവ് |
|---|---|---|
| നെല്ലിക്കവല-വായാട് റോഡ് റീടാറിംഗ്<br>പ്രോജക്റ്റ് 137/19-20<br>അടങ്കൽ-750000<br>ചെലവ്-748680 | 1036.515m3X218.80 | 226789.48 |

മേൽ പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിലാണ് കരാറുകാർ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നതും ബിൽ തുക നൽകിയിരിക്കുന്നതും. എസ്റ്റിമേറ്റിൽ മിക്സ് സീൽ മെക്കാനിക്കൽ മീൻസ് ഇനം ഉൾപ്പെടുത്തി പ്രവൃത്തിചെയ്യുന്നത് വഴി കുറഞ്ഞ അടങ്കലിൽ മെച്ചപ്പെട്ട റോഡ് സൗകര്യം ഒരുക്കാൻ കഴിയും എന്നിരിക്കെ മിക്സ് സീൽ മാന്വൽ മീൻസ് ഇനം ഉൾപ്പെടുത്തി റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കു ന്നതിലൂടെ പദ്ധതികളുടെ അടങ്കൽ വർദ്ധിക്കുന്നതിനും മെച്ചപ്പെട്ട റോഡ് സൗകര്യം ജനങ്ങൾക്ക് പ്രാപ്തമാക്കാൻ കഴിയാതെയും വരുന്നു.
എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വന്ന മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-23 പൊതുമരാമത്ത് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ അനുവദിച്ച ഫണ്ട് വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെടുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം 87 പദ്ധതികൾക്കാണ് ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചിരുന്നത്. ഇതിൽ 45 പദ്ധതികൾക്കാണ് തൻവർഷം തുക ചെലവഴിക്കാൻ കഴിഞ്ഞത്. ഇക്കാരണത്താൽ വിവിധ ഫണ്ടുകളിൽ നിന്നും പൊതുമരാമത്ത് പദ്ധതികൾക്കായി വകയിരുത്തിയ 41791881 രൂപയിൽ 11108654 രൂപയേ തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. തൻ വർഷത്തെ 43 സ്പിൽ ഓവർ പ്രവൃത്തികളിൽ 25 എണ്ണത്തിലും 44 പുതിയ പ്രോജക്റ്റുകളിൽ 3 എണ്ണത്തിലു മാണ് ചെലവുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയരുടെ ട്രഷറി ബിൽ ബുക്ക് പ്രകാരം ഓഡിറ്റ് വർഷം 22 പ്രവൃത്തികൾ കൂടി പൂർത്തീകരിച്ച് 9814378 രൂപയുടെ ബിൽ സമർപ്പിച്ചിട്ടുണ്ടെ ങ്കിലും ക്യൂ ബില്ലായതിനാലാണ് തൻവർഷം മേൽ തുക ചെലവഴിക്കാൻ കഴിയാഞ്ഞത്. ക്യൂബിൽ ഉൾപ്പെടെയുള്ള പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ ആകെ 50 പദ്ധതികളിൽ നിന്നായി 20923032 രൂപ മൂല്യമുള്ള പ്രവൃത്തികളാണ് ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർക്ക് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത് എന്ന് കാണുന്നു. ലഭ്യമായ മാനുഷിക വിഭവശേഷിക്കനുസൃതമായ എണ്ണം പ്രോജക്റ്റുകളും, ഒരു റോഡിലെ മെയിന്റനൻസിനാവശ്യമായ മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തുന്ന തരത്തിലും ഉള്ള പദ്ധതികൾ ആണ് തൻവർഷം ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ 2018 ഡിസംബറിൽ തന്നെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിരിക്കെ 2019 ഒക്ടോബർ മാസത്തിലാണ് പ്രവൃത്തികൾ ടെണ്ടർ

ചെയ്തിട്ടുള്ളത് . പ്രവൃത്തികൾക്ക് കരാറുകാരെ കണ്ടെത്തി കരാറിൽ ഏർപ്പെട്ടിരിക്കു ന്നത് 2019 നവംബർ മാസം മുതൽക്കാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെടുന്നതിൽ വന്ന കാലതാമസമാണ് പദ്ധതി നിർവ്വഹണം സാമ്പത്തിക വർഷം അവസാനത്തേക്ക് നീളുന്നതിനും പൂർത്തിയായ പദ്ധതികളുടെ ബില്ലുകൾ ക്യൂബില്ലിൽ പ്പെടുന്നതിനും ഇടയാക്കിയത്. ആയത് തുടർവർഷങ്ങളിൽ ഒഴിവാക്കുന്നതിനായി സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിനാവശ്യായ ക്രമീകരണങ്ങൾ വരുത്തേണ്ടതും പദ്ധതി നിർവ്വഹണ കലണ്ടർ തയ്യാറാക്കേണ്ടതുമാണ്.

1-24 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ആൾക്ക് പഠനമുറിക്ക് ധനസഹായം നൽകി .

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

പ്രോജക്ട് നം-89/19-20

അടങ്കൽ -200000

ചെലവ്-50000 (ബിൽ നം-15/12-03-20)

നിർവ്വഹണം -അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതിക്കായി വിവിധ വാർഡുകളിൽ നിന്നുള്ള ഏഴുപേരുടെ ലിസ്റ്റാണ് ഭരണസമിതി അംഗീകരിച്ച് നൽകിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി പദ്ധതിക്കായി സഹായം നൽകിയിട്ടുള്ളത് ശ്രീ.ലിനീഷ് രാജ് .ആർ.എം S/O രാജൻ രയരോത്ത് മീത്തൽ എന്നയാൾക്കാണ്. ഇയാൾ പദ്ധതിക്കായി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ആളല്ല. ശ്രീ.ലിനീഷ് രാജ് ആർ.എം ന്റെ മകൾ ശ്രീലക്ഷ്മി ജെ.ആർ ന്റെ പഠനമുറി അനുവദിച്ചിരിക്കുന്നതെങ്കിലും കുട്ടി ഏത് ക്ലാസിലാണ് പഠിക്കുന്നത് എന്നത് സംബന്ധിച്ച വിശദാംശങ്ങളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഏഴുപേർക്കും സഹായം നൽകാതെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ആൾക്ക് പഠന മുറിക്ക് ധനസഹായം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 വെറ്റിനറി സർജൻ നിർവ്വഹണം ചെയ്ത പദ്ധതികളുടെ ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

ഓഡിറ്റ് വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 12 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത് . ഇതിൽ അഞ്ച് പദ്ധതികൾക്ക് മാത്രമാണ് തൻവർഷം ചെലവുള്ളത് . അവശേഷിക്കുന്നവയിൽ അഞ്ച് പദ്ധതികൾക്ക് സാമ്പത്തിക വർഷം അവസാനത്തിൽ ട്രഷറിയിൽ ബിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ക്യൂബില്ലായി മാറിയതിനാൽ തൻവർഷം ചെലവില്ല. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ട്രഷറി ബിൽബുക്ക് പ്രകാരമുള്ള താഴെ പറയുന്ന തുകകളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം, പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 115/19-20<br>മുട്ടഗ്രാമം(വനിത) | 131875<br>(62500-പൊതുവിഭാഗം സാധാരണ വിഹിതം, | 39375-<br>പൊതുവിഭാഗം സാധാരണ വിഹിതം |

| | | | |
|---|---|---|---|
| | | 23125-ജില്ലാപഞ്ചായത്ത് വിഹിതം,<br>46250-(ഗുണഭോക്തൃവിഹിതം) | (ബിൽ നം-1/31-7-19) |
| 2 | 23/19-20<br>നരിപ്പറ്റ മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 200000<br>(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) | 200000<br>(ബിൽ നം-2/29-1-20) |
| 3 | 41/19-20<br>ആട് വളർത്തൽ(എസ്.സി) | 80000<br>(60000-എസ്.സി.പി, 20000-ഗുണഭോക്തൃവിഹിതം) | 36000<br>(ബിൽ നം-8/31-3-20) |
| 4 | 216/19-20<br>പോത്തുകുട്ടിവാങ്ങൽ(എസ്.സി) | 26666<br>(20000-എസ്.സി.പി,6666-ഗുണഭോക്തൃവിഹിതം) | 20000<br>(ബിൽ നം-7/31-3-20) |
| 5 | 206/19-20<br>കന്നുകുട്ടി പരിപാലനം (പുതിയത്) | 800000<br>(72380-പൊതുവിഭാഗം സാധാരണ വിഹിതം,27620-തനത് ഫണ്ട്, 300000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 400000-ഗുണഭോക്തൃവിഹിതം | 227620<br>(തനത് ഫണ്ട്-27620,<br>200000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

നിർവ്വഹണ ഉദ്യോഗസ്ഥന്റെ ക്യാഷ്ബുക്ക് പരിശോധിച്ചതിൽ ക്രമനം- 1,2 പ്രകാരമുള്ള പദ്ധതി ചെലവുകളുടെ വിശദാംശങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുകയോ മേൽ കാലയളവിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവ് രേഖകൾ ലഭ്യമാക്കാത്ത 522995/-രൂപയുടെ ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 താനിയുള്ള പൊയിൽ കുടിവെള്ള പദ്ധതി -കരാറുകാരന് ടെണ്ടർ കുറവ് വരുത്താതെ തുക നൽകി

പ്രോജക്ട് നം – 127/19-20

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ – 342007 (റോഡിതര മെയിന്റനെൻസ് ഫണ്ട്)

ചെലവ് - 193075/-(ബിൽ നം-7/9-07-19)

2018-19 വർഷം നിർവ്വഹണം പൂർത്തീകരിച്ച കുടിവെള്ള പദ്ധതിയിൽ ഫൈനൽ ബിൽ നൽകുന്നതിനായാണ് ഓഡിറ്റ് വർഷം സ്പിൽഓവർ ആയി പദ്ധതി രൂപീകരിച്ചിട്ടുള്ളത്. 1500000 രൂപ അടങ്കലിൽ 2016-17 വർഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ താനിയുള്ള പൊയിൽ കുടിവെള്ള പദ്ധതിക്കായി ശ്രീ.സെബാസ്റ്റ്യൻ ടി.എ എന്നയാൾ സമർപ്പിച്ച ടെണ്ടർ സ്വീകരിക്കുകയും 13-02-2017 ലെ സെലക്ഷൻ നോട്ടീസ് പ്രകാരം 1076282.15 രൂപക്ക് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട് (എഗ്രിമെന്റ് നം-35/16-17 തീയതി-14/03/17). പദ്ധതിയിൽ ചില മാറ്റങ്ങൾ ആവശ്യമായതിനാൽ ഭരണസമിതിയുടെ 27-06-2017 തീയതിയിലെ 125(11)/17 തീരുമാന പ്രകാരം അടങ്കൽ തുകയായ 1500000 രൂപയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് പദ്ധതി നടപ്പാക്കിയത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ പ്രവത്തിയുടെ എം ബുക്ക് നം-391/17-18 പ്രകാരം CC I &Part Bill ആയി 990525 രൂപ മുൻവർഷം കരാറുകാരന് നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷം എം ബുക്ക് നം 261/2018-19 പ്രകാരം 1-01-2019 ന് ഫൈനൽ മെഷർമെന്റ് രേഖപ്പെടുത്തിയ പദ്ധതിക്ക് 1183600.31 രൂപ പ്രവൃത്തിമൂല്യം രേഖപ്പെടുത്തുകയും CC II&Final ബില്ലായി 193075 രൂപ കൂടി കരാറുകാരന് അനുവദിക്കുകയും ചെയ്തു. ഇപ്രകാരം പദ്ധതിക്കായി ആകെ 1183600/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. പദ്ധതിക്കായി 1076282.15 രൂപയ്ക്കാണ് കറാറുകാരനായ ശ്രീ.സെബാസ്റ്റ്യൻ ടി.എ കരാറിൽ ഏർപ്പെട്ടിരിക്കുന്നത് എന്നിരിക്കെ കരാറുകാരന് ടെണ്ടർ കുറവ് വരുത്താതെ പ്രവൃത്തിമൂല്യമായ 1183600 രൂപ നൽകിയത് വഴി 107317.85 രൂപ അധികം നൽകുന്നതിനിടയായിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിലഭിച്ചിട്ടില്ല. ടെണ്ടർ കുറവ് വരുത്താതെ കരാറുകാരന് അധികം നൽകിയ 107317.85/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 05.03.2022, 07.03.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-കുന്നമ്മൽ | 2019-20 | 198599/- | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 198599/- | 0 |
| | 2019-20 | 300000/- | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000/- | 0 |
| | 2019-20 | 200000/- | കന്നുകുട്ടി തീറ്റ സബ്സിഡി | 200000/- | |
| | 2019-20 | 1040000/- | ലൈഫ് ഭവനപദ്ധതി | 1040000/- | 0 |
| | 2019-20 | 100000/- | പെയിൻ&പാലിയേറ്റീവ് | 100000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 300200/- | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300200/- | 0 |
| | 2019-20 | 600000/- | ലൈഫ് ഭവനപദ്ധതി | 600000/- | |
| | 2019-20 | 100000/- | അഗതി-ആശ്രയ | 100000/- | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 13520000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷി ക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി വായ്പ | ജി.ഒ(എം.എസ്) 2278/തസ്വഭവ | 13520000/- | 12560000/- | 1838236/- | --- | 24241764/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2000000 |
| തൻവർഷം നിക്ഷേപിച്ച തുക | 180000 |
| ആകെ | 2180000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2180000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് -മുള്ളമ്പത്ത് ബ്രാഞ്ച് | 2019-20 | 1 | 2180000 | |
| ആകെ | | | | 2180000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവ് വന്ന 25409/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2012-13 | 3-3 | 25409/- | ശ്രീ.ശിവാനന്ദൻ നായർ. സെക്രട്ടറി(റിട്ടയേർഡ്) | 191707000000004496/ 21.10.2019 |
| ആകെ തുക | | 25409/- | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | | 2003-04 (മറ്റ് പരാമർശം) | 11.14 | പൂർത്തീകരിക്കാത്ത ജലസേചന പദ്ധതി | തുടരുന്നു |
| 2001-02 | | 2003-04 (മറ്റ് പരാമർശം) | 11.14 | കല്ലുമ്മൽ-പാറേന്റെ മീത്തൽ റോഡ് | തുടരുന്നു |
| 1998-99 | 1 | 2004-05 (പൊതു പരാമർശം) | 11.1.2.1 | ബജറ്റിന്റെ കോപ്പി, മിനുട്സ് ബുക്ക് എന്നിവ ഹാജരാക്കിയില്ല | തുടരുന്നു |
| 1998-99 | | 2004-05 (പൊതു പരാമർശം) | 11.3(1)(24) | നികുതി പിരിവിൽ അലംഭാവം | തുടരുന്നു |
| 1999-2000 | | 2004-05 (പൊതു പരാമർശം) | 11.1.3.49 | നികുതി പിരിവിൽ അലംഭാവം | തുടരുന്നു |
| 2000-01 | 3.3 | 2005-06 | 2.70.1.9.15 | തൊഴിൽ നികുതി രജിസ്റ്റർ കൃത്യമല്ല | 2014-16 ഖ25 എൽ.എഫ്.എ.സി |

| | | | | | |
|---|---|---|---|---|---|
| | | | | | റിപ്പോർട്ട് പ്രകാരം ഒഴിവാക്കാൻ ശുപാർശ ചെയ്തു. |
| 2000-01 | 2-1 | 2005-06 | 2.70.1.11.22.77 | രജിസ്റ്റർ കൃത്യമല്ല | 014-16 ഖ-31 എൽ.എഫ്. എ.സി റിപ്പോർട്ട് പ്രകാരം ഒഴിവാക്കാൻ ശുപാർശ ചെയ്തു. |
| 2000-01 | 2-3 | 2016-17 | 2.70.1.11.22.77 | തൊഴിൽ നികുതി പിരിച്ചിട്ടില്ല | |
| 2015-16 | 2-1 | 2016-17 | അനുബന്ധം – 5.211 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 9(1) | ശ്രീ.ഐ നാരായണൻ | എൽ.എഫ്./ 14146/ SP Cell. Sc4/2000/ | 295 | | - | - | - | | 295 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 20.10.01 | | | | | | | | | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72658294 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68890236 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 107317.85 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2125484 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 107317.85 | അരുൺ സേവ്യർ അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 798869 | സതീഷ്ബാബു പി.കെ, സെക്രട്ടറി |
| 1-11 | 12562/- | സതീഷ്ബാബു പി.കെ, സെക്രട്ടറി |
| 1-12 | 7154 | സതീഷ്ബാബു പി.കെ, സെക്രട്ടറി |
| 1-13 | 86600 | സതീഷ്ബാബു പി.കെ, സെക്രട്ടറി |
| 1-20 | 500000 | സുരേഷ് ബാബു , കൃഷി ഓഫീസർ |

| | | |
|---|---|---|
| 1-24 | 200000 | വാസു എം.എ.<br>അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 522995 | ജിത്തു കെ.എസ്,<br>വെറ്ററിനറി സർജൻ |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അരുൺ സേവ്യർ<br>അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | വേളാങ്കണ്ണിമാത പി.ഒ<br>മുതാക്കര, കൊല്ലം |
| വാസു എം.എ,<br>അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി,<br>നരിപ്പറ്റ<br>ഗ്രാമപഞ്ചായത്ത് | മുഉവാട്ട,<br>പുറമേരി പി.ഒ |
| ജിത്തു കെ.എസ്,<br>വെറ്ററിനറി സർജൻ | ലഭ്യമല്ല | നീലാംബരി,<br>കാവിൽ പി.ഒ,നടുവണ്ണൂർ |
| സതീഷ്ബാബു പി.കെ,<br>സെക്രട്ടറി | ലഭ്യമല്ല | സ്നേഹതീരം,<br>നിട്ടുമ്പ്രം, ചൊക്ലി പി.ഒ,<br>തലശ്ശേരി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ |
|---|---|---|

| വർഷം | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.കെ.കെ.ഡി.പി6/ 1689(8)/2011തീഃ 18.6.01 | 1(16) |
| 1996-97 ഡി.സി.ബി | കെ.എസ്.എ.കെ.കെ.ഡി.പി3/1048 /2019(1) തി.10.07.2020 | വരവ്-ഖ-28, ചെലവ്- ഖ-17,18 |
| 1996-97 പദ്ധതി | എൽ.എഫ്.കെ.കെ.ഡി.പി6/ 833(5)/2010/ തി-11-2-2011 | 7(5,6,9(1), 9(2), 10,15,19) |
| 1997-98 പദ്ധതി | കെ.എസ്.എ.കെ.കെ.ഡി.പി17./ 437/19തീഃ 08.05.2019 | 7(14,15,16,18, 20,21,24) |
| 1998-99 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി.പി6/ 1689(12)/2011 തീഃ6-12-2011 | 5(1എ),8,21,22, 24ബി) |
| 1998-99 പദ്ധതി | കെ.എസ്.എ.കെ.കെ.ഡി.പി3/1048/ 2019(3) തി.26.08.2020 | 6(22, 23,25,26, 28, 29) |
| 1999-00 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി പി6/ 1689/ 2011തീഃ8-12-2011 | 4(1സി),21, 22(1), 22(2)) |
| 1999-00 പദ്ധതി | കെ.എസ്.എ.കെ.കെ.ഡി.പി3/1048/ 2019(4) തി.26.08.2020 | 5(8,9,12,16,17) |
| 2000-01 വരവ് – ചെലവ് | എൽ.എഫ്.കെ.കെ.ഡി/പി6/ 1689(17)/2011 തീഃ 8-12-2011 | 10(2-1,2-3, 3-1, 3-2, 3-3,3-4,3-5,3-6, 3-7,3-8) |
| 2000-01 പദ്ധതി | കെ.എസ്.എ.കെ.കെ.ഡി.പി3/1048/ 2019(5-ബി) തി.26.08.2020 | 4(3,4(2),5,11,12) |
| 2001-02 ഡി.സി.ബി | കെ.എസ്.എ.കെ.കെ.ഡി.പി3/1048/ 2019(5-എ) തി.26.08.2020 | 2(2-1,2-2) |
| 2001-02 പദ്ധതി | എൽ.എഫ്.കെ.കെ.ഡി/പി6/ 1689(19)/11/ തീഃ8-12-2011 | 7(3,4(1), 4(2), 5,7,11,12) |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/എസ്1/ 1133/07തീഃ 05.02.08 | 12 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി3/1048/ 2019(7) തി.26.08.2020 | 3(3-5,3-6,3-7) |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി3/1048 /2019(3) തി.26.08.2020 | 13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി6/1820/ 2011/തീഃ4-1-2012 | 21(2-1(1), 2-1(2), 2-2, 2-3,2-4,2-5, 3-1,3-2,3-3,3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, |

| | | |
|---|---|---|
| | | 3-11, 3-12, 3-13(1,2), 3-14, 4-1 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി6/642/10/തീ:28-10-2010 | 13(2-4,2-5,2-6, 2-7,3-1,3-2,3-4, 3-5,3-6,3-8,3-9, 3-14,3-15,3-16) |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി6/455/11/ തീ:5-02-2011 | 23(1-3,2-1,2-3, 2-6,2-7(1), 3-1,3-2,3-4,3-5, 3-6,3-7,3-8,3-9, 3-10,3-11,3-12, 3-13,3-14, 3-16(എ), 3-16(ബി),3-17, 4-2,4-6(ബി)) |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി6/1648/2012/തി-02-04-2013 | 15(2-1,2-2,3-1, 3-4,3-5, 3-6,3-7,3-9, 3-11, 3-12, 3-13, 3-14, 3-15, 3-16, 4-6), 4-7 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി6/815/2013/തി-17-07-2013 | 10(2-1(11), 2-5, 3-1, 3-5, 3-6, 3-7, 3-8, 3-9, 3-11,4-2) |
| 2010-11 &11-12 | കെ.എസ്.എ/കെ.കെ.ഡി/ പി6/1600/2014 തി-12.11.2014 | 1-5, 1-6, 1-7, 1-8, 2-1, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-16, 3-17, 3-18, 4-1 |
| 2012-13, 2013-14 | കെ.എസ്.എ/കെ.കെ.ഡി/ പി9/ 1007/2017 തി-12.10.2017 | 23(2-2,2-3,3-1, 3-2,3-3,3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-22, 3-23 |
| 2014-15 | കെ.എസ്.എ/കെ.കെ.ഡി/ പി9/ | 11(2-2,3-1,3-4(1), |

| | | |
|---|---|---|
| | 1739/16 തി-25.03.2017 | 3-5, 3-7, 3-10,3-12, 3-13,3-14, 3-15,3-17, |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/ പി9/ 960/ 2017/12-06-2017 | 10(2-1,2-2,2-3,3-1, 3-2,3-3(1,2)4-3, 4-4,4-6) |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/ പി17/ 866/ 2018/12-06-2018 | 8(2-1,2-4,2-5, 3-1(1), 3-1(2), 3(2) 3-8, 3-10, 3-13) |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/ പി17/ 1207/ 2019/05.05.2020 | 20(1-12(1-2),2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-6, 3-7, 3-8, 3-9, 3-10, 3-13, 3-14,3-16, 3-17, 3-18 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി3/10/ 2020തി.29.05.2020 | 27(1-4 മുതൽ 1-30വരെ) |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്